# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2025
ഒക്ടോബർ
വാല്യം 18 | ലക്കം 10
Annual Subscription ₹ 100.00



# ആഗോളകത്തോലിക്ക സഭയ്ക്ക് രണ്ട് പുതിയ വിശുദ്ധർ കൂടി



**St. PIER GIORGIO FRASSATI**
**Patron Saint of young adults & athletes**
06-04-1901 - 04-07-1925
Beatified : May 20, 1990
Canonized : September 07, 2025
**Feast Day: July 04**



**ST. CARLO ACUTIS**
**Patron Saint of young adults & athletes**
03-05-1991 - 12-10-2006
Beatified : October 10, 2020
Canonized : September 07, 2025
**Feast Day: October 12**



# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2025 OCTOBER

Registered Newspaper, Reg. No. KERMAL/2008/24745

VOL.18 ▪ No. 10



EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| 04 | എഡിറ്റോറിയൽ |
| 06 | സർക്കുലർ |
| 10 | ഫ്രാൻസിസ് പാപ്പാ നല്കിയിരുന്ന സന്ദേശം |
| 16 | കെസിബിസി പുറപ്പെടുവിക്കുന്ന ഇടയലേഖനം |
| 19 | അടിച്ചേൽപ്പിക്കപ്പെടുന്ന മതപരിവർത്തന നിരോധന നിയമങ്ങളും നിഷേധിക്കപ്പെടുന്ന മതസ്വാതന്ത്ര്യവും |
| 25 | വിജയപുരത്തിന്റെ വിശുദ്ധ താരകം |
| 28 | ഇടവക വാർത്തകൾ |
| 30 | വി.എസ്.എസ്.എസ്. വാർത്തകൾ |



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers,
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# ഒക്ടോബർ ജപമാലയുടെ മിടിപ്പും മിഷന്റെ തുടിപ്പും



ഒക്ടോബർ മാസം നമ്മെ രണ്ടു ദിശകളിലേക്ക് ക്ഷണിക്കുന്നു. ജപമാലയുടെ ആഴത്തിലേക്കും പ്രേഷിതത്വത്തിന്റെ വിശാലതയിലേക്കും മറിയത്തിന്റെ സ്നേഹവും യേശുവിന്റെ ദൗത്യവുമാണ് നമ്മെ ആഴത്തിൽ ചിന്തിക്കുന്നതും ഉണർവ്വോടെ പ്രവർത്തിക്കുന്നതും.

**ജപമാല** – മറിയത്തോടു ചേർന്ന് യേശുവിന്റെ മുഖത്തേക്ക് ഉറ്റുനോക്കുന്ന അനുഭവമാണ് ജപമാല. ക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങളെ ഗർഭം ധരിക്കപ്പെട്ടതു മുതൽ സ്വർഗ്ഗാരോഹണംവരെയും അതിനപ്പുറവും മറിയത്തിന്റെ കണ്ണിലൂടെ നോക്കി ധ്യാനിച്ച് ദൈവ ചൈതന്യവും കൃപയും ഉൾക്കൊള്ളാൻ അവസരമേകുന്ന തീർത്ഥാടനമാണ് ജപമാല. അതിലെ ഓരോ മണിയും ദൈവവചനത്തിന്റെ വിതയ്ക്കലാണ്. ഓരോ രഹസ്യവും പ്രേഷി തത്വത്തിന്റെ വിളവെടുക്കലും. ജപമാല ഭക്തിപൂർവ്വം ധ്യാനാത്മകമായി പ്രാർ ത്ഥിക്കുന്നതിലൂടെ നാം ദൈവവുമായി നിരന്തര സമ്പർക്കത്തിലേർപ്പെടുന്നു. ദൈവിക ചൈതന്യവും ശക്തിയും കൊണ്ടു നിറയുന്നു. കുടുംബാംഗങ്ങളെ ദൈവ സ്നേഹച്ചരടിൽ കോർത്തിണക്കി ഒന്നിപ്പിക്കുന്ന, യുവജനങ്ങൾക്ക് ആവേശവും ഉണർവ്വും പകരുന്നു. കുട്ടികളെ ഉത്തേജിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന ജപമാല, തിരുസഭ തന്റെ 2000 വർഷത്തെ ചരിത്രത്തിലൂടെ ബൈബിളും ആരാധനയും ജീവിതാനുഭവങ്ങളും കടഞ്ഞെടുത്ത് രൂപപ്പെടുത്തിയ സുന്ദരമായ പ്രാർത്ഥനയുണ്ട്. അതിന് സ്വർഗ്ഗീയ ദർശനങ്ങളും വിശുദ്ധരുടെ ജീവിതാനുഭവ ങ്ങളും സഭാ പ്രബോധനങ്ങളും പ്രചോദനമേകി. മറിയത്തോടു ചേർന്ന് പ്രാർ ത്ഥിക്കാനും യേശുവിനോടു ചേർന്ന് പ്രകാശിക്കാനും ജീവിത ദുഃഖങ്ങളെയും സഹനങ്ങളെയും യേശുവിന്റേതിനോടൊന്നു ചേർത്ത് അതിജീവിക്കാനും പരിശു ദ്ധാത്മാവാൽ നിറഞ്ഞ് യേശുവിന്റെയും മറിയത്തിന്റെയും ദൈവിക മഹത്വത്തിൽ പങ്കുചേരാനും ജപമാല നമ്മെ പ്രചോദിപ്പിക്കട്ടെ.

**മിഷൻ ക്രൈസ്തവന്റെ പ്രധാന കടമ** – ഒക്ടോബർ മൂന്നാം ഞായറാഴ്ച ലോകമെങ്ങും മിഷൻ ഞായറായും ഒക്ടോബർ മാസം മിഷൻ മാസമായും നാം ആചരിക്കുന്നു. ഓരോ ക്രൈസ്തവനും എല്ലാ ക്രൈസ്തവരും പ്രേഷിതത്വത്തിനായി വിളിച്ച് നിയോ ഗിക്കപ്പെട്ടിരിക്കുന്നു. ലോകാതിർത്തിയിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നു. എന്ന

ബോദ്ധ്യമാണ് ഈ ആചരണം നമ്മിൽ ഉണർത്തുന്നത്. ദൈവപിതാവാൽ സ്നേഹിക്കപ്പെട്ട് പുത്രനാൽ രക്ഷിക്കപ്പെട്ട് പരിശുദ്ധാത്മാവാൽ വിശുദ്ധീകരിക്കപ്പെട്ട് ദൈവസ്നേഹം പകരാനും രക്ഷ അനുഭവവേദ്യമാക്കാനും വിശുദ്ധീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഉള്ള നിയോഗമാണ് മിഷൻ. നമ്മുടെ ജീവിതത്തിലൂടെ - സാന്നിദ്ധ്യം കൊണ്ടും, വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും മനോഭാവങ്ങൾ കൊണ്ടും പെരുമാറ്റംകൊണ്ടും ബന്ധങ്ങൾ വഴിയും യേശുവിന് സാക്ഷ്യം വഹിക്കുന്നതാണ്, യേശുവിനെ പകരുന്നതും പങ്കുവയ്ക്കുന്നതുമാണ് മിഷൻ. ഉത്ഥിതനെ കണ്ടുമുട്ടി അവന്റെ ചൈതന്യത്താലും വചനത്താലും ശക്തിയാലും നിറഞ്ഞ് അവനിലൂടെ സാധിതമായ രക്ഷ ഏവർക്കും എല്ലായിടത്തും എന്നേക്കും എല്ലാത്തരത്തിലും അനുഭവവേദ്യമാക്കുന്ന പ്രക്രിയയാണ് മിഷൻ. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നിവ സന്ദേശമാക്കിയ സിനഡാത്മക സിനഡിന്റെ പ്രവർത്തന പദ്ധതി തുടങ്ങി വയ്ക്കുന്ന ഈ ജൂബിലി വർഷത്തിൽ ജപമാലയിലൂടെ പ്രത്യാശയുടെ തീർത്ഥാടകരായി നമുക്ക് മുന്നേറാം. ദൈവജനമായി യേശുവിന്റെ ശിഷ്യഗണമായ പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി തിരുസഭാ കൂട്ടായ്മയിൽ ഒന്നു ചേരാം. പ്രേഷിതഗണമായി ദൈവരാജ്യാനുഭവത്തിലേക്കു മുന്നേറാം. നമ്മുടെ ലോകത്തെ ദൈവരാജ്യമായി പരിവർത്തനപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഉണർവ്വോടും ഉത്സാഹത്തോടും കൂടെ പങ്കുചേരാം.

ഒക്ടോബറിൽ നാം ആഘോഷിക്കുന്ന വിശുദ്ധരുടെ തിരുനാളുകളും ജപമാല പ്രാർത്ഥിച്ച് ധ്യാനിക്കാനും പ്രേഷിത പ്രവർത്തനം നന്നായി നിവർത്തിച്ച് ജീവിത സാക്ഷാത്ക്കാരം നേടാനും നമ്മെ പ്രചോദിപ്പിക്കുന്നു. ഒക്ടോബർ 1-ാം തീയതി വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ നാം കൊണ്ടാടുന്നു. മിണ്ടാമഠത്തിനുള്ളിൽ ഒതുങ്ങി ജീവിച്ച് 24-ാം വയസിൽ മരിച്ചവളെങ്കിലും സ്നേഹത്തിന്റെ കുറുക്കുവഴി ലോകത്തെ പഠിപ്പിച്ചുകൊണ്ട് വേദപാരംഗതയും മിഷനറിമാരുടെ മദ്ധ്യസ്ഥയും ആയി അവൾ വിരാജിക്കുന്നു. ചെറിയ കാര്യങ്ങൾപോലും വലിയ സ്നേഹത്തോടെ ചെയ്യുമ്പോൾ അതിന് ദൈവിക മൂല്യമുണ്ടെന്ന് അവർ പഠിപ്പിച്ചു. തന്റെ ജീവിതത്തിലൂടെയും നവമാലികയിലൂടെയും ഒക്ടോബർ 4-ാം തീയതി ദ്വിതീയ ക്രിസ്തു എന്നറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ നാം ആഘോഷിക്കും. സൃഷ്ടിയോടുള്ള സ്നേഹവും ദരിദ്രരോടുള്ള കരുണയും കരുതലും അദ്ദേഹം നമ്മെ പഠിപ്പിച്ചു. സർവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക. (മർക്കോ 16) എന്ന ക്രിസ്തുവിന്റെ കല്പന പാലിക്കേണ്ടതെങ്ങനെയെന്ന് അദ്ദേഹം പ്രബോധിപ്പിച്ചു. ഒക്ടോബർ 5-ാം തീയതി ദൈവ കരുണയുടെ അപ്പോസ്തലയായ വിശുദ്ധ ഫൗസ്റ്റീനാമ്മയുടെ തിരുനാൾ നാം കൊണ്ടാടും. യേശുവിന്റെ കരുണ ഏവർക്കും അനുഭവവേദ്യമാക്കുക എന്നാണ് യഥാർത്ഥ പ്രേഷിതത്വം എന്ന് അവർ പഠിപ്പിച്ചു.

ഈ ഒക്ടോബർ മാസം നമുക്ക് ഒരു ദൈവികയാത്രയാകട്ടെ. ജപമാലയുടെ താളത്തിൽ കൊച്ചു ത്രേസ്യായുടെ കുറുക്കുവഴിയും വിശുദ്ധ ഫ്രാൻസിസിന്റെ സമാധാനവും വിശുദ്ധ ഫൗസ്റ്റീനായുടെ കാരുണ്യവും പരിശീലിച്ച് നമ്മുടെ ലോകത്തെ ഒരു പ്രേഷിത ഉദ്ധ്യതമാക്കാൻ നമുക്കു സാധിക്കട്ടെ. ജപമാല നമ്മുടെ താളമാണ്. പ്രേഷിതത്വം നമ്മുടെ ചലനമാണ്. വിശുദ്ധരോടൊപ്പം നമുക്കും ഈ പ്രേഷിത സിംഫണിയിൽ പങ്കുചേരാം.

- പത്രാധിപർ

Diocese of Vijayapuram

CIRCULAR LETTER

Vol. X1X • No.4 • September 2025

# സിനഡാത്മക കോൺക്ലേവും ആത്മനവീകരണവും

ഈശോയിൽ പ്രിയപ്പെട്ട അൽമായരേ, സന്യസ്തരേ, ബഹുമാനപ്പെട്ട വൈദിക സഹോദരരേ,

**കേ**രള കത്തോലിക്ക സഭ നവീകരണത്തിന്റെ പാതയിലാണല്ലോ? 2022-2025 കാലഘട്ടത്തിൽ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യത്തോടെ വിവിധ തലങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾക്ക് കേരളസഭ രൂപകല്പന നൽകുകയുണ്ടായി. "സഭ എപ്പോഴും നവീകരിക്കപ്പെടണം" എന്ന വി. അഗസ്തിനോസിന്റെ പ്രസ്താവനയാണ് ഇതിനു അടിസ്ഥാനതത്വമായി സ്വീകരിച്ചിരിക്കുന്നത്. നവീകരണത്തിന്റ ആവശ്യകത എന്താണെന്ന് പ്രവർത്തന പദ്ധതിയിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥന വ്യക്തമാക്കുന്നു: " കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതദൗത്യത്തിലും ഊന്നിക്കൊണ്ട് സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ ഞങ്ങൾക്കുള്ള വിളിയും ദൗത്യവും തിരിച്ചറിഞ്ഞു പ്രവർത്തനനിരതരാകാൻ ഞങ്ങളെ സഹായിക്കണമേ. ആത്മാക്കളുടെ രക്ഷക്കായി എരിയുന്ന തീക്ഷ്ണമതികളായ പ്രേഷിതരായി വിശുദ്ധിയോടും വിനയത്തോടുംകുടെ ക്രിസ്തുവിനു സാക്ഷ്യം നൽകാൻ ഞങ്ങളെ പ്രാപ്തരാക്കണമേ ". നമ്മുടെ പ്രാർത്ഥന യഥാർത്ഥത്തിൽ ഭാഗ്യസ്മരണാർഹനായ പരി. ഫ്രാൻസിസ് പാപ്പാ സ്വപ്നം കണ്ട സിനഡാത്മക ജീവിതശൈലി സാക്ഷാൽക്കരികപ്പെടാനുള്ള ആത്മാവിന്റെ അഭിലാഷമാണ് പ്രകടമാക്കുന്നത്.

## സഭയിൽ സിനഡും സിനഡാത്മകതയും

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് വിശുദ്ധ പോൾ ആറാമൻ പാപ്പാ ആണ് മെത്രാന്മാരുടെ സ്ഥിരം സിനഡ് സ്ഥാപിച്ചത്. ഓരോ രണ്ടു വർഷങ്ങൾ കൂടുമ്പോഴാണ് മെത്രാന്മാരുടെ സ്ഥിരം സിനഡ് കൂടിയിരുന്നത്. ലോകമെങ്ങുമുള്ള മെത്രാന്മാരോടൊത്തു സഭയിലെ സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു നടപ്പാക്കാനുള്ള വേദിയായിട്ടാണ് പരി. പിതാവ് സിനഡിനെ കണ്ടത്. മെത്രാന്മാരുടെ സംഖ്യ വർദ്ധിച്ചപ്പോൾ സിനഡംഗങ്ങളെ തിരഞ്ഞെടുക്കുന്ന നിയമങ്ങൾ നിലവിൽ വന്നു. 2015 ൽ മെത്രാന്മാരുടെ സ്ഥിരം സിനഡിന്റെ 50-ാം വാർഷികത്തിൽ സഭ ആശ്ലേഷിക്കേണ്ടത് സിനഡാത്മക പാതയാണെന്നു പരി. ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തു. അതിനായി 2021ൽ പരി. ഫ്രാൻസിസ് പാപ്പ ഒരു സാർവത്രിക സിനഡാത്മക പ്രക്രിയയ്ക്ക് രൂപം നൽകി. പ്രധാനമായും മൂന്നു ഘട്ടങ്ങളിലായി പ്രവർത്തനങ്ങൾ ക്രമികരിക്കപ്പെട്ടു. ഒന്നാമതായി ലോകമെങ്ങുമുള്ള ദൈവജനങ്ങളുമായുള്ള ചർച്ച, അതായത് രൂപതാ തലങ്ങളിലും

ദേശീയതലങ്ങളിലും ഭൂഖണ്ഡതലങ്ങളിലുമുള്ള പഠനങ്ങൾ. രണ്ടാമതായി സഭാപിതാക്കന്മാരുമായുള്ള റോമിൽ വച്ചുള്ള സിനഡിന് ആമുഖമായുള്ള സിനഡ് 2023-2024 ലും നടത്തുക. പരി. ഫ്രാൻസിസ് പാപ്പാ സിനഡംഗങ്ങളുടെ ഭാഗഭാഗിത്വത്തിന് കാര്യമായി മാറ്റങ്ങൾ വരുത്തുകയുണ്ടായി. മെത്രാന്മാരെപോലെ വോട്ടവകാശം നൽകി മറ്റു വൈദികർ, സ്ത്രീകളുൾപ്പെടുന്ന അൽമായർ, സന്യസ്തർ എന്നിവർക്ക് അംഗത്വം നൽകി. മൂന്നാമതായി സിനഡ് തീരുമാനങ്ങൾ നടപ്പിൽ വരുത്തുക. സാധരണയായി മെത്രാന്മാരുടെ സിനഡ് തീരുമാനങ്ങൾ പരി. പാപ്പാ പഠിച്ചതിനുശേഷം ഒരു സിനഡനന്തര അപ്പസ്തോലിക ആഹ്വാനം പുറപ്പെടുവിക്കുമായിരുന്നു. എന്നാൽ ഇത്തവണ സിനഡിന്റെ അന്തിമ തീരുമാനങ്ങൾ ഔദ്യോഗിക രേഖയായി പാപ്പ പ്രഖ്യാപിക്കുകയും അവ കഴിയുന്നത്ര വേഗത്തിൽ നടപ്പാക്കാൻ ലോകത്തോട് ആഹ്വാനം ചെയ്യുകയുമായിരുന്നു.

എന്നാൽ ലോകത്തെ മുഴുവൻ അതീവ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് പരി. ഫ്രാൻസിസ് പാപ്പാ 2025 ഏപ്രിൽ 21ന് നിത്യസമ്മാനത്തിനായി കടന്നുപോയി. അദ്ദേഹത്തിന്റെ പിൻഗാമിയായി ദൈവം നിയോഗിച്ച പരി. ലിയോ പാപ്പാ പത്രോസിന്റെ ബസിലിക്കയുടെ ബാൽക്കണിയിൽ നിന്നുള്ള തന്റെ പ്രഥമ സന്ദേശത്തിൽ നമുക്ക് ഒത്തൊരുമിച്ചു മിഷൻ ദൗത്യം നിറവേറ്റാം എന്ന ആഹ്വാനമാണ് നടത്തിയത്. അതായത് ഫ്രാൻസിസ് പാപ്പായുടെ സ്വപ്ന പദ്ധതിയായ സിനഡാത്മക ശൈലി പ്രായോഗിക തലത്തിൽ കൊണ്ടുവരുക. അതുകൊണ്ടായിരിക്കണം സിനഡൽ സെക്രട്ടേറിയറ്റ് രൂപകല്പന ചെയ്ത സിനഡ് രേഖയുടെ നടപ്പാക്കൽ ഘട്ടത്തിനുള്ള മാർഗങ്ങൾ എന്ന പ്രവർത്തന സഹായി പ്രസിദ്ധികരിക്കാൻ 2025 മെയ് 8ന് പരി. ലിയോ പാപ്പാ അംഗീകാരം നൽകിയത്. മൂന്ന് പ്രധാന ഭാഗങ്ങളുള്ള മൂന്ന് വർഷത്തെ പ്രക്രിയ പാപ്പാ സ്ഥിരീകരിച്ചു. 2025 ജൂൺ മുതൽ 2025 ഡിസംബർ വരെ പ്രാദേശിക സഭകളും അവ ഉൾപ്പെടുന്ന അന്താരാഷ്ട്ര ഗ്രൂപ്പുകളും നടപ്പിലാക്കൽ പാതകളിൽ ശ്രദ്ധ കേന്ദ്രികരിക്കും. 2027ന്റെ ആദ്യ പകുതിയിൽ രൂപതകൾ മൂല്യനിർണയ വിലയിരുത്തലുകൾ നടത്തും. 2028 ജൂണിൽ ആ വർഷം ഒക്ടോബറിൽ വത്തിക്കാൻ സഭാസമ്മേളത്തിനായി ഒരു പ്രവർത്തന രേഖ പ്രസിദ്ധീകരിക്കും.

സിനഡ് തീരുമാനങ്ങൾ നടപ്പാക്കൽ രേഖയുടെ ആമുഖത്തിൽ കാർഡിനൽ മാരിയോ ഗ്രേച് പ്രാദേശിക സഭകളെ രണ്ടു വിഭാഗങ്ങളായി കാണാമെന്നു സൂചിപ്പിക്കുന്നുണ്ട്. ഒന്ന് സിനഡാലിറ്റിയുടെ പാത ആത്മാർത്ഥമായി പിന്തുടരുന്നവർ; മറ്റൊന്ന് നടപ്പാക്കൽ ഘട്ടത്തിൽ എങ്ങനെ മുന്നോട്ടു പോകും എന്ന് ഇപ്പോഴും ആശ്ചര്യപ്പെടുന്നവർ അല്ലെങ്കിൽ ആദ്യപടിയിൽ തന്നെ നിൽക്കുന്നവർ. പുതിയ രേഖ രണ്ടു കൂട്ടർക്കും ഗുണം ചെയ്യുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു. ഇത് നാല് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യത്തേത് ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നു. രണ്ടാമത്തേത് പങ്കെടുക്കേണ്ടവരെക്കുറിച്ചുള്ള വിവരങ്ങൾ, മൂന്നാമത്തേത് അന്തിമ തീരുമാനങ്ങൾ പ്രയോഗികമാക്കുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുന്നു. നാലാമത്, ഉപയോഗിക്കാവുന്ന രീതികളും സൂചനകളും വിശദീകരിക്കുന്നു. സിനഡൽ പ്രക്രിയയിൽ എല്ലാവരെയും ഉൾപെടുത്തണമെന്ന് രണ്ടാം അധ്യായത്തിൽ എടുത്തുപറയുന്നുണ്ട്. രൂപതകളിലെ മേൽനോട്ടം വഹിക്കാനുള്ള ഉത്തരവാദിത്വം മെത്രന്മാർക്കാണെങ്കിലും പുരോഹിതന്മാരെയും ഡീക്കന്മാരേയും പാസ്റ്ററൽ കൗൺസിൽ പോലുള്ള പങ്കാളിത്ത സ്ഥാപനങ്ങളെയും രൂപത സിനഡൽ ടീമുകളെയും ഈ പ്രക്രിയയിൽ

ഉൾപ്പെടുത്തണം. അന്തിമ രേഖയുമായി ആഴത്തിലുള്ള അറിവ് ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണെന്ന് മൂന്നാം അധ്യായം പറയുന്നു. ശ്രവണം, ചർച്ച, വിവേചനം എന്ന രീതിയാണ് അനുവർത്തിക്കേണ്ടത്. ആഗോള സിനഡൽ പ്രക്രിയയിലുടനീളം ഉപയോഗിച്ച "സഭാത്മക ആത്മീയ വിവേചനം" എന്ന ശൈലി പ്രയോഗിക്കാൻ നാലാമത്തെ അധ്യായം പ്രാദേശിക സഭകളോട് ആവശ്യപ്പെടുന്നു. എല്ലാ മേഖലകളിലും പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണമെന്നും ഏത് ഘട്ടത്തിലും എന്തു സഹായത്തിനും സിനഡൽ സെക്രട്ടറിയേറ്റിനെ സമീപിക്കാമെന്നും ഈ രേഖ നിർദേശിക്കുന്നുണ്ട്.

സിനഡ് തീരുമാനങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ ഭാരത ലത്തീൻ മെത്രാൻ സമിതി ആവശ്യമായ രൂപരേഖകൾ തയാറാക്കി ക്രിയാത്മകമായ പദ്ധതികൾ നടപ്പാക്കിവരുന്നു.

## രൂപതാ സിനഡാത്മക കോൺക്ലേവ്

സിനഡൽ സഭയായി മാറുവാൻ ആഗോള കത്തോലിക്കാസഭ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്. അതിനുവേണ്ടി പരസ്പരം കേൾക്കുവാനും ക്രിയാത്മകമായ സംവാദത്തിൽ ഏർപ്പെട്ടുകൊണ്ട് സഭയുടെ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാനും വിവിധ ശുശ്രൂഷാസമിതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും വേണ്ടി രൂപതാ സിനഡാത്മക കോൺക്ലേവ് നടത്തുവാൻ വിവിധ രൂപതാസമിതികളിൽ ചർച്ചചെയ്ത് തീരുമാനിക്കുകയുണ്ടായി. ആയതിനാൽ സിനഡാത്മക ശൈലി നമ്മുടെ എല്ലാ മക്കൾക്കും പരിചിതമാക്കുവാൻ ഇടവകതലത്തിലും ഫൊറോന തലത്തിലും രൂപതാ തലത്തിലും വിവിധ ശുശ്രൂഷകളെ കേന്ദ്രീകരിച്ചു സിനഡാത്മക കോൺക്ലേവ് നടത്തണം. ഇതിനുവേണ്ടി അഭി. ജസ്റ്റിൻ പിതാവിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സജീവമായി പ്രവർത്തിച്ചു വരുന്നു. ഇതിനോടകം കുടുംബക്കൂട്ടായ്മാതലത്തിലും ഇടവകതലത്തിലും സിനഡാത്മക കോൺക്ലേവുകൾ വിജയകരമായി നടത്തപ്പെട്ടു എന്ന് അറിയുന്നതിൽ ഏറെ സന്തോഷിക്കുന്നു. നിങ്ങളോരോരുത്തരെയും വികാരിയച്ചന്മാരെയും ഞാൻ അഭിനന്ദിക്കുന്നു. ഇനി നടക്കുവാനിരിക്കുന്ന മേഖല-രൂപത സിനഡൽ കോൺക്ലേവുകളുടെ വിജയത്തിനായി നിങ്ങളുടെ പ്രാർത്ഥനകൾ ഞാൻ അഭ്യർത്ഥിക്കുന്നു.

ഡിസംബർ 17, 18, 19 തീയതികളിലാണ് രൂപത കോൺക്ലേവ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ഇടവകകളിൽ എടുത്ത തീരുമാനങ്ങൾ മേഖലാ തലത്തിൽ ചർച്ചചെയ്തു പൊതുവായ കാര്യങ്ങൾ ക്രോഡീകരിച്ചു രൂപതാ കോൺക്ലേവിൽ അവതരിപ്പിക്കണം. ഫൊറോനയിലെ ഒരോ ശുശ്രൂഷകൾക്കു നേതൃത്വം വഹിക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കപെടുന്ന ഏഴു പേരാണ് രൂപത കോൺക്ലേവിൽ പങ്കെടുക്കേണ്ടത്. പ്രഥമ ദിവസം വൈദികർ മാത്രവും രണ്ടാം ദിവസം അൽമായരുടെയും സന്യസ്തരുടെയും പ്രതിനിധികൾ ഒന്നിച്ചുമാണ് കോൺക്ലേവ് ചേരുന്നത്. സാധാരണയായി പ. പിതാവിനെ തെരഞ്ഞെടുക്കാൻ റോമിലെ സിസ്റ്റൈൻ ചാപ്പലിൽ കൂടുന്ന രഹസ്യ സമ്മേളനത്തെയാണ് കോൺക്ലേവ് എന്ന് വിളിക്കപ്പെടുന്നത്. എന്നാൽ ഇപ്പോൾ ഗൗരവമായ തീരുമാനങ്ങൾ എടുക്കുവാൻ ചേരുന്ന രഹസ്യ യോഗങ്ങളെയും കോൺക്ലേവ് എന്ന് വിളിക്കുന്നുണ്ട്. നമ്മുടെ വിശ്വാസജീവിതത്തെക്കുറിച്ച് പുതിയ ഒരു മാനം കണ്ടെത്തുവാനുള്ള നമ്മുടെ സമ്മേളനവും അതീവ ഗൗരവമേറിയതായതുകൊണ്ടാണ് സിനഡാത്മക കോൺക്ലേവ് എന്ന് വിശേഷിപ്പിക്കപ്പെടുന്നത്.

രൂപത കോൺക്ലേവിൽ പങ്കെടുക്കാനുള്ളവരുടെ പേരുവിവരങ്ങൾ ബ. ഫൊറോന വികാരിമാർ മുൻകൂട്ടി കൂരിയയിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏതെങ്കിലും കാരണവശാൽ ആർക്കെങ്കിലും പങ്കെടുക്കാൻ കഴിയുന്നില്ലങ്കിൽ ഒരാഴ്ച മുമ്പെങ്കിലും പകരക്കാരുടെ വിവരങ്ങൾ അറിയിക്കുവാൻ ശ്രമിക്കണേ.

ദൈവരാജ്യം ലക്ഷ്യം വച്ചുകൊണ്ടുള്ള നമ്മുടെ ഒന്നിച്ചുള്ള മുന്നേറ്റമാണല്ലോ സിനഡാത്മക ജീവിതം കൊണ്ട് ഉദ്ദേശിക്കുന്നത്. ആദിമസഭയിലെ പോലെ നാം "ഒരു ഹൃദയവും ഒരു ആത്മാവുമായി" മാറ്റപ്പെടണം. (അപ്പോ. 4/32). നമ്മുടെ കുടുംബത്തിൽ, സമൂഹത്തിൽ, കൂട്ടായ്മകളിൽ, ഇടവകയിൽ, രൂപതയിൽ, സഭയിൽ എല്ലാവർക്കും തുല്യ ഉത്തരവാദിത്വങ്ങളും അവകാശങ്ങളും ഉണ്ടായിരിക്കണം. ആരും ഒരു കാരണത്താലും അവഗണിക്കപ്പെടരുത്. പരിശുദ്ധ ത്രിത്വത്തിന്റെ പ്രത്യേകിച്ചു പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് തേടാം. പരിശുദ്ധ അമ്മയുടെയും സകല വിശുദ്ധരുടെയും മാധ്യസ്ഥം യാചിക്കാം. നാം സ്വപ്നം കാണുന്നത് ഓരോരുത്തരു ടെയും ആത്മനവീകരണമാണ്.

## കുരിശു പ്രയാണം നമ്മുടെ രൂപതയിൽ

ഭാരത മെത്രാൻസമിതിയുടെ നിർദ്ദേശപ്രകാരം 2024 ഡിസംബർ 29-ന് നമ്മുടെ ഭദ്രാസന ദൈവാലയമായ വിമലഗിരിയിൽ രൂപതയുടെ വിവിധ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എത്തിയ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പ്രത്യേകം തയാറാക്കിയ കുരിശു സാഘോഷം കത്തീഡ്രലിൽ പ്രതിഷ്ഠിക്കുകയും ദിവ്യബലി അർപ്പിച്ചു ഔദ്യോഗിക ഉദ്ഘാടനം നടത്തുകയും ചെയ്തു. ആ ബലിവേളയിൽ ഒരോ ഫൊറോനയ്ക്കും വേണ്ട കുരിശുകൾ ബഹു. ഫൊറോന വികാരിമാരെ ഏല്പിക്കുകയും ചെയ്തു. നമ്മുടെ എല്ലാ ഫൊറോനകളിലും വി. കുരിശിന്റെ പ്രയാണം വളരെ അർത്ഥവ ത്തായും ആവേശത്തോടെയും നിർവഹിച്ചു കാണുന്നതിൽ അതീവ സന്തോഷമുണ്ട്. എല്ലാ ഫൊറോന വികാരിമാരെയും വൈദികരെയും സന്യസ്തരെയും അൽമായ ശുശ്രുഷകരെയും പ്രത്യേകിച്ച് യുവജനങ്ങളെയും ഇത്തരുണത്തിൽ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ജൂബിലി കുരിശ് പ്രയാണത്തിന്റെ സമാപനം നമ്മുടെ വിമലഗിരി നാഥയുടെ തിരുനാൾദിനമായ ഡിസംബർ 8-ാം തീയതിയാണ് രൂപതാതലത്തിൽ നടത്തപ്പെടുക. അന്നേദിവസം ഉച്ചകഴിഞ്ഞ് 1.30 നല്ലിടയൻ ഇടവക ദൈവാലയത്തിൽ നിന്നും നടത്തപ്പെടുന്ന വിശ്വാസറാലിയിൽ നമ്മുടെ വിശ്വാസത്തിന്റെയും പ്രത്യാശ യുടെയും അടയാളമായ ജൂബിലി കുരിശുകൾ സംവഹിക്കേണ്ടതാണ്. ഇടവകതല ത്തിൽ ജൂബിലി കുരിശിന് നൽകിയ അതേ പ്രാധാന്യം നൽകി, അലങ്കരിച്ച് റാലിയിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ഫൊറോനാ വികാരിമാരുടെ നേതൃത്വത്തിൽ നടത്തുവാൻ ഓർമ്മപ്പെടുത്തുന്നു.

സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചു കൊള്ളുന്നു.

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
വിജയപുരം മെത്രാൻ

NB: ഈ സർക്കുലർ 2025 സെപ്റ്റംബർ 28 ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# 2025 – ലെ ആഗോള പ്രേഷിത ദിനത്തോടനുബന്ധിച്ച് [ഒക്ടോബർ 19, 2025] ഫ്രാൻസിസ് പാപ്പാ നല്കിയിരുന്ന സന്ദേശം

## "സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ"

പ്രിയ സഹോദരീസഹോദരന്മാരേ,

**ജൂ**ബിലിവർഷമായ 2025-ലെ ആഗോള പ്രേഷിത ദിനത്തിനായി ഞാൻ തെരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം "സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ" (Spes Non Confundit = "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല", എന്ന പ്രബോധനത്തിന്റെ ഖ. 1 കാണുക).

ഇത് വ്യക്തിപരമായി ഓരോ ക്രൈസ്തവനെയും, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയായ സഭ മുഴുവനെയും, ക്രിസ്തുവിന്റെ പാത പിൻതുടർന്ന് പ്രത്യാശയുടെ സന്ദേശവാഹകരും നിർമ്മാതാക്കളുമാകാനുള്ള നമ്മുടെ അടിസ്ഥാന വിളിയെ അനുസ്മരിപ്പിക്കുന്നതാണ്.

ഉത്ഥിതനായ ക്രിസ്തുവിൽ നമുക്കു പുതുജന്മം നല്കിയ വിശ്വസ്തനായ ദൈവത്തോടൊപ്പം ഏവർക്കുമിത് "സജീവ പ്രത്യാശയിലേക്കുള്ള" (1 പത്രോ 1: 3-4 കാണുക) കൃപയുടെ സമയമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

ഇവിടെ, നമ്മുടെ ക്രൈസ്തവ പ്രേഷിതസ്വത്വത്തിന്റെ പ്രസക്തമായ ചില വശങ്ങളെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും സഭയിൽ ഒരു നവസുവിശേഷവത്കരണത്തിനായുള്ള പരിശുദ്ധ തീക്ഷ്ണതയാൽ കത്തിജ്വലിക്കാനും നമുക്ക് ഇടവരട്ടെ! ഇരുണ്ട നിഴലുകൾ തങ്ങിനിൽക്കുന്ന ഒരു ലോകത്ത് പ്രത്യാശയെ പുനർജനിപ്പിക്കാൻ അയക്കപ്പെട്ടവളാണല്ലോ സഭ (Fratelli Tutti = "എല്ലാവരും സഹോദരർ", ഖ. 9-55 കാണുക).

**1. നമുടെ പ്രത്യാശയായ ക്രിസ്തുവിനെ പിന്തുടർന്ന്** രണ്ടായിരമാണ്ടിലെ വിശുദ്ധ വർഷത്തിനുശേഷം, മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യത്തെ സാധാരണ ജൂബിലി ആഘോഷിച്ചുകൊണ്ട് ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി "ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെ ആയിരിക്കുന്ന" (ഹെബ്രാ 13:8) ക്രിസ്തുവിൽ നാം നമ്മുടെ ദൃഷ്ടി പതിപ്പിക്കുക. നസ്രത്തിലെ സിനഗോഗിൽവച്ച് യേശു പ്രഖ്യാപിച്ചത് ചരിത്രത്തിലെ തന്റെ സാന്നിധ്യത്തിന്റെ "ഇന്ന്" എന്ന തിരുവെഴുത്ത് നിറവേറിയിരിക്കുന്നു എന്നാണ്. അപ്രകാരം, സകലജനത്തോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനും കർത്താവിന്റെ കൃപയുടെ വത്സരത്തിന് നാന്ദി കുറിക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് താനെന്ന് യേശു സ്വയം വെളിപ്പെടുത്തി (ലൂക്കാ 4:16-21 കാണുക).

ലോകാന്ത്യംവരെ നിലനിൽക്കുന്ന ആജ്ഞേയമായ "ഇന്ന്" എന്ന കാലഘട്ടത്തിൽ, ക്രിസ്തു എല്ലാവർക്കും പ്രത്യേകിച്ച്, ദൈവം മാത്രം ഏക ആശ്രയമായിട്ടുള്ളവർക്ക്, രക്ഷയുടെ പൂർണതയാകുന്നു.

യേശു തന്റെ പരസ്യജീവിതകാലത്ത്, "തിന്മയിൽ നിന്നും ദുഷ്ടനിൽനിന്നും" എല്ലാവരെയും സുഖപ്പെടുത്തിക്കൊണ്ടും നന്മ പ്രവർത്തിച്ചുകൊണ്ടും ചുറ്റി സഞ്ചരിച്ചു" (അപ്പ 10:38 കാണുക). ദരിദ്രർക്കും ജനത്തിനു മുഴുവനും ഇടയിൽ ദൈവത്തിലുള്ള പ്രത്യാശയെ അവൻ പുനഃപ്രതിഷ്ഠിച്ചു. പാപമൊഴികെയുള്ള എല്ലാ മാനുഷിക ബലഹീനതകളും അവൻ അനുഭവിച്ചു. പ്രത്യാശ നഷ്ടപ്പെട്ടേക്കാവുന്ന നിർണായക നിമിഷങ്ങളായ ഗത്സമനിയിലും കുരിശിലും അവൻ തളർന്നില്ല. മനുഷ്യകുല രക്ഷയ്ക്കായി പിതാവായ ദൈവമൊരുക്കിയ പദ്ധതിയോട് അനുസരണയോടെ വിശ്വാസമർപ്പിച്ചുകൊണ്ട്, പൂർണമായ പ്രത്യാശയുള്ള സമാധാനപദ്ധതിയുടെ ഭാവിക്കായി, യേശു, പിതാവിൽ എല്ലാം ഭരമേല്പിച്ചു (ജറെ 29:11 കാണുക). ഇപ്രകാരം, കടുത്ത പരീക്ഷണങ്ങൾക്കിടയിൽപ്പോലും പ്രത്യാശയുടെ ദിവ്യപ്രേഷിതനായി; അങ്ങനെ ദൈവം ഭരമേല്പിച്ച ദൗത്യം കാലാകാലങ്ങളോളം നിറവേറ്റുന്നവരുടെ ഉത്തമ മാതൃകയായി യേശുമാറി.

എല്ലാ മനുഷ്യർക്കിടയിലേക്ക് തന്റെ ശിഷ്യരെ അയച്ചുകൊണ്ടും ഒരു രഹസ്യ സാന്നിധ്യമായി അവരോടൊപ്പം സഞ്ചരിച്ചുകൊണ്ടും, യേശു മനുഷ്യരാശിക്കായുള്ള പ്രത്യാശയുടെ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദരിദ്രർ, പീഡിതർ, നിരാശർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെയെല്ലാം പക്ഷം ചേർന്നുകൊണ്ട് "അവരുടെ മുറിവുകളിൽ ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും" ("യേശു നല്ല സമറിയാക്കാരൻ", ആമുഖഗീതി) അവൻ ഒഴുക്കുന്നു. ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ സമൂഹമായ സഭയാകട്ടെ, തന്റെ കർത്താവും ഗുരുവുമായ അവനെ അനുസരിച്ചുകൊണ്ട്, അതേ ശുശ്രൂഷയുടെ അരൂപിയിൽ അവളുടെ ജീവിതം സകലജനതകൾക്കുമായി അർപ്പിച്ചുകൊണ്ട് ആ ദൗത്യം തുടരുന്നു. അനുദിനം നേരിടുന്ന പീഡനങ്ങൾക്കും വേദനകൾക്കും പ്രശ്നങ്ങൾക്കും നടുവിലും, കൂടാതെ, സഭാംഗങ്ങളുടെതന്നെ ദൗർബല്യങ്ങൾ മൂലമുള്ള അപൂർണതകൾക്കും പരാജയങ്ങൾക്കും മധ്യേയിലും അന്തിമവിമോചനത്തിനായി കാത്തിരിക്കുന്ന മനുഷ്യരാശിയുടെ മുറവിളിയും സൃഷ്ടജാലങ്ങളുടെ രോദനവും ഹൃദയത്തിൽ പേറിക്കൊണ്ടും, ക്രിസ്തു സ്നേഹത്താൽ പ്രേരിതയായി സഭ അവനോടൊപ്പം അവനിൽ തന്റെ പ്രേഷിതയാത്ര തുടരുന്നു. തന്റെ പാത പിന്തുടരാനായി കർത്താവ് എപ്പോഴും എല്ലാക്കാലത്തേക്കുമായി വിളിച്ചിരിക്കുന്ന സഭ, "നിശ്ചലമായ സഭയല്ല, തന്റെ നാഥനോടൊപ്പം ലോകത്തിന്റെ തെരുവീഥികളിലൂടെ യാത്ര ചെയ്യുന്ന ഒരു പ്രേഷിതസഭയാണ്" (2024 ഒക്ടോബർ 27-ന് മെത്രാന്മാരുടെ സിനഡിന്റെ ജനറൽ അസംബ്ലിയുടെ സമാപന ദിവ്യപൂജയിലെ പ്രസംഗത്തിൽ നിന്ന്).

കർത്താവായ യേശുവിന്റെ പാത പിന്തുടർന്ന്, ദൈവം നമ്മെ ജീവിക്കാൻ അനുവദിച്ചിട്ടുള്ള ഓരോസ്ഥലത്തും സാഹചര്യത്തിലും അവനോടുകൂടെ അവനിൽ ഏവർക്കും പ്രത്യാശയുടെ അടയാളങ്ങളും സന്ദേശവാഹകരുമാകാൻ നമ്മളും പ്രചോദിതരാകട്ടെ! ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരെന്ന നിലയിൽ, ഭൂമിയുടെ എല്ലാ ഇടങ്ങളിലും അവന്റെ പ്രത്യാശയുടെ പ്രകാശം പ്രതിഫലിപ്പിക്കട്ടെ.

**2. ക്രൈസ്തവർ: എല്ലാ ജനതകൾക്കുമിടയിൽ പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളും** കർത്താവായ ക്രിസ്തുവിനെ പിന്തുടരുന്ന ക്രൈസ്തവർ, തങ്ങൾ

കണ്ടുമുട്ടുന്നവരുടെ യഥാർഥ ജീവിത സാഹചര്യങ്ങളിൽ പങ്കുചേർന്നുകൊണ്ട് സുവിശേഷം കൈമാറാനും പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളുമാകാനും വിളിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും, "ഇന്നത്തെ മനുഷ്യരുടെ പ്രത്യേകിച്ച്, ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും ക്രിസ്തുവിന്റെ ശിഷ്യരുടെ ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും തന്നെയാണ്. മാനുഷികമായി കാണപ്പെടുന്നവയിൽ ഒന്നും തന്നെ അവരുടെ ഹൃദയത്തിൽ പ്രതിധ്വനി ഉയർത്താത്തതായില്ല" (സഭ ആധുനികലോകത്തിൽ, 1).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രസിദ്ധമായ ഈ പ്രസ്താവന എല്ലാക്കാലത്തെയും ക്രൈസ്തവ സമൂഹങ്ങളുടെ മനോഭാവത്തെയും ജീവിതശൈലിയെയും എടുത്തുകാട്ടുകയും സഭാംഗങ്ങളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ട് ലോകത്തിലെ ഇതര സഹോദരങ്ങളോടൊപ്പം യാത്ര ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഇവിടെ ഞാൻ ജനതകൾക്കിടയിൽ (ad gentes) പ്രേഷിതപ്രവർത്തനം നടത്തുന്ന മിഷനറിമാരായ, നിങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്നു. കർത്താവിന്റെ വിളി സ്വീകരിച്ചുകൊണ്ട് നിങ്ങൾ ക്രിസ്തുവിലുള്ള ദൈവസ്നേഹം പങ്കുവയ്ക്കാൻ മറ്റു ജനതകൾക്കിടയിലേക്കും ഇറങ്ങി പുറപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ഹൃദയപൂർവം നന്ദിപറയുന്നു. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ തന്റെ ശിഷ്യന്മാരെ അയച്ച ഉത്ഥിതനായ കർത്താവിന്റെ ആഹ്വാനത്തിനുള്ള (മത്താ 28: 18-20 കാണുക) മറുപടിയാണ് നിങ്ങളുടെ ജീവിതം. അപ്രകാരം, നിങ്ങൾ പരിശുദ്ധാത്മ ശക്തിയാലും അനുദിന പരിശ്രമത്താലും സകല ജനതകൾക്കുമിടയിൽ ക്രിസ്തുവിന്റെ പ്രേഷിതരും മഹത്തായ പ്രത്യാശയുടെ സാക്ഷികളുമാകാനുള്ള ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും വിളിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു.

ഈ പ്രത്യാശയുടെ ചക്രവാളം ലോകത്തിലെ ക്ഷണികമായവയെല്ലാം അതിജീവിച്ച് നാം ഇപ്പോൾ തന്നെ പങ്കുചേരുന്ന ദൈവികസത്യങ്ങളിലേക്കുള്ള വഴിതുറക്കുന്നു. വിശുദ്ധ പോൾ ആറാമൻ പാപ്പാ നിരീക്ഷിച്ചതുപോലെ, ദൈവകരുണയുടെ വരദാനമായി സഭ സകലർക്കുമായി പങ്കുവയ്ക്കുന്ന ക്രിസ്തുവിലുള്ള രക്ഷ, "മനുഷ്യന്റെ ശാരീരികമോ, ആത്മീയമോ ആയ ഐഹിക ജീവിതത്തെ മാത്രം സ്പർശിക്കുന്ന ഒന്നല്ല; കേവലം ഭൗതികങ്ങളായ അഭിലാഷങ്ങളെയും പ്രതീക്ഷകളെയും ജീവിത കൃത്യങ്ങളെയും പ്രതിസന്ധികളെയും മാത്രം ആസ്പദമാക്കി നിലകൊള്ളുന്നതുമല്ല. മറിച്ച്, ഏറ്റവും ദിവ്യമായ പരമസത്തയോടു മനുഷ്യവ്യക്തിയെ ഐക്യപ്പെടുത്തുന്നതിനാലാണ് അതിന്റെ പൂർത്തീകരണം സ്ഥിതി ചെയ്യുന്നത്; ആ പരമസത്ത ദൈവമാണ്. അതിസ്വാഭാവികവും യുഗാന്ത്യപരവുമായ പ്രസ്തുത രക്ഷയുടെ പ്രാരംഭം ഈ ലോകജീവിതത്തിൽത്തന്നെ ഉണ്ടാവുകയും അനന്തതയിൽ സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും (Evangelii Nuntiandi = "സുവിശേഷ പ്രഘോഷണം", 27).

മഹത്തായ ഈ പ്രത്യാശയാൽ പ്രചോദിതരായി ക്രൈസ്തവ സമൂഹങ്ങൾക്ക് ഒരു നവ മാനവികതയുടെ സന്ദേശവാഹകരായിത്തീരാൻ കഴിയും. എന്തെന്നാൽ "അതിവികസിത" മേഖലകളിൽപ്പോലും മനുഷ്യരെ പ്രതിസന്ധിയിലാക്കുന്ന ഗുരുതരപ്രശ്നങ്ങൾ - അർഥശൂന്യത, ഏകാന്തത, മുതിർന്നവരുടെ ആവശ്യങ്ങ

ളോടുള്ള അവഗണനന, സഹായഹസ്തം ആവശ്യമുള്ള അയൽക്കാരനെ അവഗണിക്കുന്ന മനോഭാവം തുടങ്ങിയവ - വ്യാപകമായി കണ്ടുവരുന്നു. സാങ്കേതികമായി ഏറെ വളർന്ന രാജ്യങ്ങളിൽ "സാമീപ്യം" (proximity) എന്നത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മളെല്ലാവരും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു, എന്നാൽ നാം ബന്ധപ്പെട്ടു ജീവിക്കുന്നില്ല. കാര്യക്ഷമതയോടു നമുക്കുള്ള അമിതാസക്തിയും ഭൗതികവസ്തുക്കളോടും അഭിലാഷങ്ങളോടുമുള്ള ബന്ധവും നമ്മെ സ്വാർഥരും സഹജീവികളെ പരിഗണിക്കാത്തവരുമാക്കുന്നു. എന്നാൽ, ഒരു സമൂഹത്തിൽ അനുഭവതലത്തിലെത്തുന്ന സുവിശേഷത്തിന് നമ്മെ സമഗ്രവും ഓജസ്സുള്ളതും വീണ്ടെടുക്കപ്പെട്ടതുമായ ഒരു മാനവികതയിലേക്ക് തിരികെ കൊണ്ടുവരാൻ കഴിയും.

അതിനാൽ, ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രബോധനത്തിൽ (ബൂള Nos. 7-15) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രത്യേകമായി, ദരിദ്രരെയും ദുർബലരെയും രോഗികളെയും മുതിർന്നവരെയും, ഭൗതികതയുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും പിടിയിലമർന്ന സമൂഹം അവഗണിച്ചു മാറ്റിനിർത്തിയിരിക്കുന്നവരെയും പ്രത്യേകം പരിഗണിക്കുന്ന കാര്യത്തിൽ, നാമെല്ലാവരും പ്രവൃത്തിതലത്തിൽ കൊണ്ടുവരണമെന്ന് ഞാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. ഇവയെല്ലാം ദൈവത്തിന്റെ "ശൈലി"യിൽ നാം നിവൃത്തിയാക്കണം. അതായത്, സാമിപ്യത്തോടും, അനുകമ്പയോടും, ആർദ്രതയോടും നമ്മുടെ സഹോദരങ്ങൾ ജീവിക്കുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അവരുമായി വ്യക്തിപരമായ ബന്ധം പുലർത്തിക്കൊണ്ട് നാമത് നിർവഹിക്കണം (Evangelii Gaudium = "സുവിശേഷത്തിന്റെ സന്തോഷം", 127-128 കാണുക). പലപ്പോഴും പ്രത്യാശയോടെ ജീവിക്കേണ്ടതെങ്ങനെയെന്ന് അവരാണ് നമ്മെ പഠിപ്പിക്കുന്നത്. അവരുമായുള്ള വ്യക്തിബന്ധത്തിലൂടെ കർത്താവിന്റെ അനുകമ്പാർദ്രഹൃദയത്തിന്റെ സ്നേഹം പകർന്നുകൊടുക്കാൻ നമുക്കു കഴിയും. "സുവിശേഷ പ്രഘോഷണത്തിന്റെ ആരംഭത്തിന്റെ കാതൽ ക്രിസ്തുവിന്റെ ഹൃദയമാണ്" (Dilexit Nos "അവൻ നമ്മെ സ്നേഹിച്ചു", 32)എന്ന് ഇതിലൂടെ നമുക്കു ബോധ്യമാകും. ഈ ഉറവിടത്തിൽനിന്ന് ശേഖരിച്ചുകൊണ്ട്, ദൈവത്തിൽനിന്ന് നാം സ്വീകരിച്ച പ്രത്യാശ (1 പത്രോ 1:21 കാണുക) ലാളിത്യത്തോടെ പകർന്നുകൊടുക്കാൻ നമുക്കു സാധിക്കും; മാത്രമല്ല ദൈവം നമ്മെ ആശ്വസിപ്പിച്ച അതേ ആശ്വാസം വഴി മറ്റുള്ളവരെ ആശ്വസിപ്പിക്കാനും നമുക്കു കഴിയും (2 കോറി 1:3-4 കാണുക). നമ്മെയെല്ലാം തന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന ദൈവം, യേശുവിന്റെ മാനുഷികവും ദൈവികവുമായ ഹൃദയത്തിലൂടെ സ്ത്രീപുരുഷന്മാരുടെ ഓരോരുത്തരുടെയും ഹൃദയത്തോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. "ലോകം മുഴുവൻ ആശ്ലേഷിക്കുന്ന ക്രിസ്തുവിന്റെ ഹൃദയത്തിന്റെയും പിതാവിന്റെ സ്നേഹത്തിന്റെയും അടയാളങ്ങളായിത്തീരാനുള്ള ദൗത്യം തുടരാനായി നമ്മൾ അയക്കപ്പെട്ടിരിക്കുന്നു" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുത്തവരോട് നടത്തിയ പ്രസംഗത്തിൽനിന്ന്, ജൂൺ 3, 2023).

### 3. പ്രത്യാശയുടെ ദൗത്യം നവീകരിക്കൽ

ഇന്ന് പ്രത്യാശയുടെ ദൗത്യത്തിന്റെ അടിയന്തിര സ്വഭാവത്തെ നോക്കിക്കാണുന്ന ക്രിസ്തുശിഷ്യർ, പ്രധാനമായും വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യാശയുടെ

"ശില്പികൾ" ആകാനും മിക്കപ്പോഴും അലസരും അസംതൃപ്തരുമായ മനുഷ്യസമൂഹാംഗങ്ങളെ പുനരുദ്ധരിക്കാനുമാണ്.

ഈ ലക്ഷ്യപ്രാപ്തിക്കായി, ഉത്ഥാനത്തിന്റെ ആത്മീയത അനുഭവവേദ്യമാക്കുന്ന ഓരോ ദിവ്യപൂജാചരണത്തിലും ഏറെ പ്രത്യേകമായി, ആരാധനാവത്സരത്തിന്റെ കേന്ദ്രവും പൂർണതയുമായ ഈസ്റ്റർ ത്രിദിനജാഗരണത്തിലും (Easter Triduum) നമ്മൾ നവീകൃതരാകേണ്ടതുണ്ട്. നമ്മളെല്ലാവരും ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്തിലേക്കും ഉത്ഥാനത്തിലേക്കും, ചരിത്രത്തിന്റെ നിത്യവസന്തം അടയാളപ്പെടുത്തുന്ന കർത്താവിന്റെ പെസഹാരഹസ്യത്തിലേക്കു സ്നാനം സ്വീകരിച്ചവരാണ്. അതുവഴി നമ്മൾ "ഒരു വസന്തകാല ജനമാകുന്നു"; എല്ലാവരോടും പങ്കുവയ്ക്കേണ്ട പ്രത്യാശയാൽ നിറഞ്ഞവരാണ് നാം. കാരണം മനുഷ്യാസ്തിത്വത്തിന്മേൽ ഉച്ചരിക്കപ്പെടുന്ന "മരണത്തിന്റെയും വെറുപ്പിന്റെയും വാക്ക് അവസാനവാക്കല്ല എന്നു നാം ക്രിസ്തുവിൽ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു" (2017 ആഗസ്റ്റ് 23-ലെ പ്രബോധനം [Catechesis] കാണുക). ആരാധനക്രമ ആഘോഷങ്ങളിലൂടെയും കുദാശകളിലൂടെയും സന്നിഹിതമാകുന്ന പെസഹാരഹസ്യങ്ങളിൽനിന്ന്, ലോകമെമ്പാടും ആവേശത്തോടും നിശ്ചയദാർഢ്യത്തോടും സഹിഷ്ണുതയോടുംകൂടെ സുവിശേഷപ്രഘോഷണപ്രവൃത്തി ചെയ്യാൻ പരിശുദ്ധാത്മശക്തി നിരന്തരം നാം സ്വീകരിക്കുന്നു. "ഉത്ഥിതനും മഹത്വീകൃതനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. അവൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യ നിർവഹണത്തിനാവശ്യമായ സഹായം നമുക്കൊരിക്കലും അവൻ കുറയ്ക്കുകയില്ല" (Evangelii Gaudium = "സുവിശേഷത്തിന്റെ സന്തോഷം", 275). ദൈവത്തിന്റെ ദാനവും ക്രൈസ്തവരുടെ സാധനയുമായ ആ വിശുദ്ധ പ്രത്യാശ, ക്രിസ്തുവിൽ നാം ജീവിക്കുകയും അതിന് സാക്ഷ്യം നല്കുകയും ചെയ്യുന്നു (Hope is A Light in The Night,Vatican City, 2024, 7).

പ്രാർഥിക്കുന്ന സ്ത്രീപുരുഷന്മാർ പ്രത്യാശയുടെ പ്രേഷിതരാണ്. "പ്രത്യാശിക്കുന്നയാൾ പ്രാർഥിക്കുന്നയാളാണ്" എന്ന് ധന്യനായ കർദിനാൾ ഫ്രാൻസിസ് സേവ്യർ വാൻ തുവാൻ പറയുകയുണ്ടായി. ദീർഘകാലം ജയിലിൽ കഴിഞ്ഞപ്പോൾ വിശ്വസ്തമായ പ്രാർഥനയാലും ദിവ്യപൂജയുടെ ശക്തിയാലുമാണ് അദ്ദേഹം പ്രത്യാശാപൂർവം ഉറച്ചുനിന്നത് ( The Road of Hope, Boston, 2001, 963 കാണുക). നമ്മുടെ പ്രഥമ പ്രേഷിതപ്രവർത്തനം പ്രാർഥനയാണെന്നും അതേസമയംതന്നെ "പ്രത്യാശയുടെ ആദ്യശക്തി" പ്രാർഥനയാണെന്നും നാം മറന്നുകൂടാ (2020 മേയ് 20-ലെ പ്രബോധനം [Catechesis]).

അതിനാൽ നമുക്ക് പ്രാർഥിച്ചുകൊണ്ട് പ്രത്യാശയുടെ നവീകരണ ദൗത്യം ആരംഭിക്കാം. അത് ദൈവവചനത്തിൽ അധിഷ്ഠിതമായ, ഏറെ പ്രത്യേകിച്ച്, പരിശുദ്ധാത്മാവ് രചയിതാവായുള്ള സങ്കീർത്തനങ്ങൾ എന്ന പ്രാർഥനാശ്രുതിമേളം വഴി നമുക്ക് ആരംഭിക്കാം (2024 ജൂൺ 19-ലെ പ്രബോധനം [Catechesis]). കഷ്ടതകൾ നിറഞ്ഞ കാലത്തിലും നമ്മൾ പ്രത്യാശ വെടിയാതിരിക്കാനും നമുക്കു ചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ എപ്പോഴും തിരിച്ചറിയാനും ദൈവം എല്ലാ ജനതകളിലും മഹത്ത്വപ്പെടണം എന്ന നിരന്തരമായ പ്രേഷിതതാല്പര്യത്തിൽ മുന്നോട്ടു യാത്രചെയ്യാനും സങ്കീർത്തനങ്ങൾ നമ്മെ പരിശീലിപ്പിക്കുന്നു (സങ്കീ 41:12; 67:4 കാണുക). ദൈവം നമ്മിൽ തെളിച്ച പ്രത്യാശയുടെ ദീപം പ്രാർഥന

യിലൂടെ സജീവമാക്കി നിറുത്തുന്നു. അങ്ങനെ അത് അഗ്നിയായി പടരുകയും അതുവഴി നമുക്ക് ചുറ്റുമുള്ള എല്ലാവരെയും പ്രകാശിപ്പിക്കുകയും ചൂടുപിടിപ്പിക്കുകയും ചെയ്യും; മാത്രമല്ല, അത് പ്രാർഥന നമ്മിൽ പ്രചോദിപ്പിക്കുന്ന പുണ്യപ്രവൃത്തികളും സത്കർമങ്ങളും ചെയ്യുന്നതുവഴിയും ആയിരിക്കും.

അവസാനമായി, സുവിശേഷപ്രഘോഷണം എപ്പോഴും എക്കാലത്തിലും, ക്രിസ്തീയ പ്രത്യാശപോലെതന്നെ, സാമൂഹികമായ ഒരു പ്രക്രിയയാണ് (Benedict XVI, Spe Salvi = "പ്രത്യാശയിൽ രക്ഷ", 41). ഈ പ്രക്രിയ സുവിശേഷത്തിന്റെ പ്രാരംഭ പ്രഘോഷണത്തിലോ, ജ്ഞാനസ്നാനത്തിലോ മാത്രം അവസാനിക്കുന്നില്ല. മറിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച ഒരോരുത്തരെയും സുവിശേഷത്തിന്റെ പാതയിലൂടെ അനുഗമനം ചെയ്തുകൊണ്ട് ക്രൈസ്തവ സമൂഹങ്ങൾ പണിതുയർത്തുന്നതിലൂടെ തുടരുന്നു. ആധുനിക സമൂഹത്തിൽ, സഭയിൽ അംഗമായിരിക്കുക എന്നത് ഒറ്റയടിക്ക് നേടിയെടു ക്കുന്ന ഒന്നല്ല; അതിനാലാണ് ക്രിസ്തുവിലുള്ള വിശ്വാസം കൈമാറുന്നതും അത് പക്വമായി രൂപപ്പെടുത്തുന്നതുമായ പ്രേഷിതദൗത്യം "സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതൃക ആയിരിക്കുന്നത്" (Evangelii Gaudium = "സുവിശേഷത്തിന്റെ സന്തോഷം", 15). പ്രസ്തുത പ്രവർത്തനം പ്രാർഥനയുടെ കൂട്ടായ്മയും പ്രവൃത്തിയും ആവശ്യപ്പെടുന്നു. ഇവിടെ ഞാൻ വീണ്ടും ഒരിക്കൽകൂടെ, സഭയുടെ പ്രേഷിതാത്മക സിനഡാത്മകതയുടെ പ്രാധാന്യം ഊന്നിപറയുന്നു; അതോടൊപ്പം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ പ്രേഷിത ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിലും പ്രാദേശികസഭകളെ സഹായിക്കുന്നതിലും ഉള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്യുന്ന സേവനവും ഞാൻ എടുത്തുപറയുന്നു. നിങ്ങളുടെ ജീവിത സാക്ഷ്യവും പ്രാർഥനയും ത്യാഗപ്രവൃത്തികളും ഉദാരമനസ്കതയുംവഴി സഭയുടെ പൊതുവായ സുവിശേഷവത്കരണ ദൗത്യത്തിൽ നിങ്ങളെല്ലാവരും, കുട്ടികളും യുവാക്കളും മുതിർന്നവരും വാർദ്ധക്യത്തിലെത്തിയവരും, പങ്കുചേരാൻ ഞാൻ അഭ്യർഥിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു!

പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തിലേക്കു നമുക്കു തിരിയാം. ഈ ജൂബിലിവർഷാചരണത്തിലും വരാനിരിക്കുന്ന വർഷങ്ങളിലുമുള്ള നമ്മുടെ പ്രാർഥനകൾ നാം അവളെ ഭരമേല്പിക്കുന്നു. "എല്ലാ മനുഷ്യരെയും അഭിസംബോധന ചെയ്യുന്ന വിധത്തിലുള്ള ദൈവസ്നേഹത്തിന്റെ സന്ദേശമായ ക്രൈസ്ത പ്രത്യാശ എല്ലാ സ്ത്രീപുരുഷന്മാരെയും പ്രകാശിപ്പിക്കട്ടെ. പ്രത്യാശയുടെ ഈ സന്ദേശത്തിന് സഭ ലോകമെമ്പാടും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ !" (Spes Non Confundit = "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല", 6).

ഫ്രാൻസിസ് പാപ്പാ വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തര തിരുനാളിൽ, 2025 ജനുവരി 25-ാം തീയതി, വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.

പരിഭാഷ: **ഡോ. ജേക്കബ് പ്രസാദ്**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025

# 2025 മഹാജൂബിലി സമാപന സമ്മേളനത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന ഇടയലേഖനം

## 2025 ഡിസംബർ 13

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമ 5:5): വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ, ക്രൈസ്തവജീവിതത്തിലെ കൃപയുടെ സാന്നിധ്യത്തെ ഓർമ്മിപ്പിക്കുന്നു. പ്രത്യാശയുടെ ഈ സന്ദേശമാണ് 2025-ലെ സാധാരണജൂബിലിയുടെ ആപ്തവാക്യമായി ഫ്രാൻസിസ് പാപ്പാ നമുക്കു നൽകിയതും.

Spes non confundit ("പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല") എന്ന പാപ്പായുടെ ജൂബിലി സ്ഥാപകലേഖനത്തിലൂടെ, ഈ ജൂബിലിവർഷം ഓരോ വ്യക്തിക്കും കർത്താവായ യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകണമെന്ന് ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചു. "'നമ്മുടെ പ്രത്യാശ'"(1 തിമോ 1:1) ആയ ക്രിസ്തുവിനെ എല്ലാകാലത്തും, എല്ലായിടത്തും, എല്ലാവരോടും പ്രഘോഷിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വങ്ങൾക്കിടയിൽ പ്രതീക്ഷയും ആനന്ദവും വെറും മിഥ്യയാണെന്നുള്ള കാഴ്ചപ്പാടുകൾ വളരുകയും നിസ്സംഗതയും ആകുലതയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള അവസരമാണ് ജൂബിലി നല്കുന്നത്. യേശു-ക്രിസ്തുവിലുള്ള വിശ്വാസമാണ് നമുക്കു പ്രത്യാശ പകരുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികളോട് പ്രത്യാശയോടെ പ്രതികരിക്കാൻ വിശ്വാസം നമുക്ക് ഊർജം പകരുന്നു. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മാഹാത്മ്യവും 'ഭീതികരമായ രീതിയിൽ അവഗണിക്കപ്പെടുന്ന യുദ്ധങ്ങൾ, വംശീയകലാപങ്ങൾ, അധിനിവേശശ്രമങ്ങൾ, ദാരിദ്ര്യം ചൂഷണം തുടങ്ങിയ യാഥാർഥ്യങ്ങളോടു മുഖംതിരിഞ്ഞുനിൽക്കാൻ സഭയ്ക്കാവില്ല. അതുകൊണ്ടുതന്നെ, ഈ ജൂബിലി വർഷത്തിന്റെ അവസാനദിനങ്ങളിൽ 'ഭാഗ്യസ്മരണാനാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഒരിക്കൽക്കൂടി വിചിന്തന വിധേയമാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

യുദ്ധദുരിതങ്ങളിൽ മുങ്ങിയിരിക്കുന്ന ഈ ലോകത്ത് സമാധാനസ്ഥാപനത്തിനായുള്ള നമ്മുടെ ആഗ്രഹം പ്രത്യാശയുടെ ആദ്യ അടയാളമായിരിക്കണം. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്രരെന്ന് വിളിക്കപ്പെടുമെന്ന് യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു (മത്താ 5:9). സമാധാനസ്ഥാപനത്തിനായി ലോകനേതാക്കൾ മേശയ്ക്കരികിൽ സംവാദത്തിനു തയ്യാറാകണം; നമ്മുടെ കാഴ്ചപ്പാടുകളും ആഭിമുഖ്യങ്ങളും അതിനായി ക്രമപ്പെടുത്തണം; അതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും വേണം.

പ്രത്യാശയോടെ 'ഭാവിയെ ഉറ്റുനോക്കുന്നത് ജീവനോടുള്ള ആദരവിനെയും അത് പങ്കുവെക്കാനുള്ള സന്നദ്ധതയെയും സൂചിപ്പിക്കുന്നു. അമ്മയുടെ ഉദരത്തിൽ തുടങ്ങി സാധാരണ അന്ത്യംവരെയുള്ള ജീവന്റെ മാഹാത്മ്യം അംഗീകരിക്കപ്പെടണം. യുവതലമുറയുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കുന്ന ഒരു സാമൂഹികക്രമത്തിന് ക്രിസ്തീയ സമൂഹം എന്നും മുന്നിൽ നിൽക്കണം. തടവുകാർ ഉൾപ്പെടെയുള്ളവർക്ക് പ്രത്യാശ പകരുന്നതിന് നമുക്ക് കടമയുണ്ട്. ഉദാരതയുടെയല്ല, മറിച്ച് നീതിയുടെ

കാര്യമെന്ന നിലയിൽതന്നെ ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളിലേക്ക് സമൂഹത്തെയും ലോകരാഷ്ട്രങ്ങളെയും നയിക്കാൻ പ്രത്യാശയുടെ തീർത്ഥാടകർ എന്ന നിലയിൽ ക്രൈസ്തവ സാന്നിധ്യത്തിന് കഴിയണം. ആയുധങ്ങൾക്കായി ചെല വഴിക്കുന്ന പണം ദാരിദ്ര്യം അവസാനിപ്പിക്കാനും ദരിദ്രരാജ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കാനും ഉപയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്ക് കഴിയണം. ദരിദ്രർ, രോഗികൾ, വൃദ്ധർ, 'ഭിന്നശേഷിക്കാർ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാവരുടെയും മുന്നിൽ പ്രത്യാശയുടെ അടയാളങ്ങളാകാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു.

പ്രത്യാശയും ക്ഷമയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിഖ്യാസൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ ജൂബിലി അവസരം, എല്ലാ സഭകൾക്കും കൂട്ടായ്മകൾക്കും ഐക്യത്തിലേക്കുള്ള യാത്രയിൽ മുന്നോട്ട് പോകാനുള്ള ഒരു ആഹ്വാനം കൂടിയാണ്. "നമ്മുടെ ആത്മാവിന്റെ ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു നങ്കൂര"മായി (ഹെബ്രാ 6:19) പ്രത്യാശയെ മുറുകെപിടിക്കാൻ നാം തയ്യാറാകണം.

പരിശുദ്ധ പിതാവ് ലെയോ 14-ാമൻ പാപ്പ 2025 ആഗസ്റ്റ് 3-നു റോമിൽ നടന്ന യുവജന ജൂബിലിക്ക് നല്കിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. "നമ്മുടെ പ്രത്യാശ" (1 തിമോ 1:1) ആയ ക്രിസ്തുവിനോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും ഉപവിയിലും ദയയിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്. കാരണം, പ്രത്യാശ പ്രകടമാക്കുന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്.

## ജൂബിലി സമാപനസമ്മേളനം

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5:5) എന്ന സന്ദേശം ഒരിക്കൽക്കൂടി പങ്കുവെക്കുന്നതിനായി ജൂബിലി വർഷാചരണത്തിന്റെ സമാപനസമ്മേളനം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഈ സമ്മേളനം 2025 ഡിസംബർ 13, ശനിയാഴ്ച, കേരളസഭയിലെ എല്ലാ മെത്രാന്മാരുടെയും സാന്നിധ്യത്തിൽ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽവച്ച് നടക്കും. എല്ലാ രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സഭാസംഘടനകളിൽനിന്നുമുള്ള നിശ്ചയിക്കപ്പെട്ട പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രാവിലെ പത്തുമണിക്ക് ആരംഭിക്കുന്ന പൊതുസമ്മേളനത്തെതുടർന്ന് വൈദികർ, സന്യസ്തർ, അത്മായർ, യുവജനങ്ങൾ, വൈദികവിദ്യാർത്ഥികൾ എന്നിങ്ങനെ വിവിധവിഭാഗങ്ങളായി തിരിഞ്ഞുള്ള പഠനവും ചർച്ചയും ഉണ്ടാകും. സമൂഹ ദിവ്യബലിയും തുടർന്നുള്ള സമാപന സമ്മേളനവും ഉൾപ്പെടെയുള്ള ജൂബിലിസമ്മേളനത്തിന്റെ കാര്യപരിപാടികൾ വൈകിട്ട് നാലുമണിയോടുകൂടി സമാപിക്കുന്നതാണ്.

സന്യാസസമൂഹങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഇടവകകളിൽനിന്നും മറ്റുമുള്ള പ്രതിനിധികളെ രൂപതാടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച്, രൂപതാ കാര്യാലയങ്ങളിൽനിന്നും 2025 ഒക്ടോബർ 31-നുള്ളിൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി) ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ജൂബിലി സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും

പ്രാർഥനയും അഭ്യർഥിക്കുന്നു. പ്രത്യാശയുടെ സുവർണ താരകമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥവും നമുക്ക് അപേക്ഷിക്കാം. ഈ ജൂബിലിയാഘോഷം എല്ലാവരുടെയും ജീവിതത്തിൽ പ്രത്യാശയുടെ പുതുവഴി തുറക്കട്ടെ. സർവശക്തനായ ദൈവത്തിന്റെ സംരക്ഷണം ഏവർക്കും ലഭിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി – 682 025

# ആദരാഞ്ജലികൾ



**അഭി. മാർ ജേക്കബ് തൂങ്കുഴി പിതാവ്**
തൃശ്ശൂർ അതിരൂപത
മുൻ അദ്ധ്യക്ഷൻ



**സി. മേരി സ്റ്റനിസ്ലാവൂസ് DIH**
വിമലഹൃദയ പുത്രിമാരുടെ സഭാംഗവും
മുക്കൂർ സെന്റ് ജോസഫ്സ്
കമ്മ്യൂണിറ്റി അംഗവും




**പി.ജെ. ജെയിംസ് കീഴുക്കുന്ന്**
ലൂർദ് ഫൊറോന ചർച്ച്
കോട്ടയം



**മറിയമ്മാൾ**
ജപമാല കോൺവെന്റ്)
എല്ലപ്പട്ടി ഇടവകാംഗവുമായ സി.
അന്തോണിയമ്മ O.P യുടെ മാതാവ്



**കെ.എ. ഫിലിപ്പോസ്**
വട്ടപ്പറമ്പിൽ
റാന്നി ലിറ്റിൽ ഫ്ലവർ ദേവാലയത്തിലെ
Faith Formation വിഭാഗത്തിൽ
അസിസ്റ്റന്റ് H M, അദ്ധ്യാപകൻ



**മിഖായേൽ**
വട്ടപ്പറമ്പിൽ
സി. റീന മിഖായേൽ CSST
പിതാവ്

# അടിച്ചേൽപ്പിക്കപ്പെടുന്ന മതപരിവർത്തന നിരോധന നിയമങ്ങളും നിഷേധിക്കപ്പെടുന്ന മതസ്വാതന്ത്ര്യവും

**ഫാ. ഡോ. മൈക്കിൾ പുളിക്കൽ CMI**
(സെക്രട്ടറി, കെസിബിസി ഐക്യ ജാഗ്രത കമ്മീഷൻ)

ഇന്ത്യയിൽ നിലവിലുള്ള നിർബന്ധിത മതപരിവർത്തന നിരോധന നിയമങ്ങൾക്ക് പിന്നിൽ മതസ്വാതന്ത്ര്യത്തെ ഭയപ്പെടുന്നവരാണ് എന്ന് വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. പരിഷ്കൃത ലോകത്ത് 'നിർബന്ധിത മതപരിവർത്തനം' എന്ന കാഴ്ചപ്പാട് തന്നെ വികലമാണ്. ചിന്തിക്കാനും തീരുമാനങ്ങൾ എടുക്കാനും ഓരോ വ്യക്തിക്കുമുള്ള കഴിവുകളെ പരിഹസിക്കുന്നതാണ് ഇതിൽ ഉപയോഗിക്കുന്ന 'നിർബന്ധിത' എന്ന പദം. ബലം പ്രയോഗിച്ചോ, പ്രലോഭനങ്ങളിലൂടെയോ യഥാർത്ഥമായ മതംമാറ്റം സംഭവ്യമാകുന്നില്ല. കാരണം മതമാറ്റത്തിനുള്ളിൽ മനമാറ്റമാണ് അടിസ്ഥാനം. മനമാറ്റം ആത്യന്തികമായി ഒരു ആന്തരിക പ്രവൃത്തിയാണ്. ബാഹ്യ നിർബന്ധങ്ങൾ ഈ ആന്തരീകതയെ നിർണ്ണയിക്കുകയോ നിശ്ചയിക്കുകയോ ചെയ്യുന്നില്ല.

## നിർബന്ധിത മതമാറ്റം നിർബന്ധമായും അരുത്

കത്തോലിക്കാസഭക്ക് ആധുനിക മുഖം നല്കിയ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖകളിൽ ഏറ്റവും പ്രാധാന്യമേറിയതായി പോൾ ആറാമൻ മാർപാപ്പ വിശേഷിപ്പിച്ചതാണ് 1965 ഡിസംബറിൽ പുറപ്പെടുവിച്ച മതസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന പ്രഖ്യാപനം (DIGNITATIS HUMANAE). ഒരു നൂറ്റാണ്ടിനപ്പുറത്തുണ്ടായിരുന്ന നിലപാടിൽ നിന്നും കാതലായ മാറ്റങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ഒരു പ്രഖ്യാപനമായിരുന്നു അത്. നിർബന്ധിത മതപരിവർത്തനം എന്ന ആശയത്തെ നിഷേധിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിക്കുന്നു: "ക്രിസ്തീയ വിശ്വാസം സമാശ്ലേഷിക്കാൻ ഒരുവനെയും അവന്റെ മനസ്സിനെതിരായി നിർബന്ധിച്ചുകൂടാ. കാരണം സ്വഭാവത്താലെ തന്നെ സ്വതന്ത്രമനസ്സിൽ നിന്ന് ഉദ്ഭൂതമാകുന്ന ഒന്നാണ് വിശ്വാസപ്രഖ്യാപനം. ... അതുകൊണ്ട് മതകാര്യങ്ങളിൽ മനുഷ്യന്റെ ഭാഗത്തുനിന്നുള്ള എല്ലാത്തരം സമ്മർദ്ദങ്ങളും ഒഴിവാക്കുക എന്നത് വിശ്വാസത്തിന്റെ സ്വഭാവവുമായി യോജിച്ചുപോകുന്ന കാര്യമാണ്." (DIGNITATIS HUMANAE 10). ക്രിസ്തീയ വിശ്വാസം സ്വീകരിക്കാൻ ആരെയും നിർബന്ധിച്ചുകൂടാ എന്നുള്ളത് ക്രിസ്തുവിന്റെയും അപ്പസ്തോലന്മാരുടെയും കാലടികളെ പിന്തുടർന്നുള്ള, എന്നും പാലിക്കപ്പെട്ടിട്ടുള്ള സഭയുടെ പഠനമായിട്ടാണ് കൗൺസിൽ വിലയിരുത്തുന്നത്.

കത്തോലിക്കാ സഭ നിർബന്ധിത മതപരിവർത്തനത്തെ അനുകൂലിക്കുന്നില്ല എന്ന് മാത്രമല്ല, അത്തരം ശ്രമങ്ങളെ ഒരുവന്റെ മതസ്വാതന്ത്ര്യത്തിൻമേലുള്ള കടന്നുകയറ്റമായി വീക്ഷിക്കുകയും ചെയ്യുന്നു. മതസ്വാതന്ത്ര്യത്തെ

ആത്യന്തികമായി അംഗീകരിക്കുകയും പൗരാവകാശമായി സ്ഥാപിക്കുകയും ചെയ്യണമെന്ന നിലപാട് സ്വീകരിക്കാൻ എല്ലാ രാജ്യങ്ങളോടും കൗൺസിൽ ആവശ്യപ്പെട്ടു. മതസ്വാതന്ത്ര്യത്തെ സമസ്ത മനുഷ്യരുടെയും സമൂഹങ്ങളുടെയും അവകാശമായി അംഗീകരിക്കുകയും ഭരണഘടനയിൽ ഉൾപ്പെടുന്ന നിയമമായി ഉറപ്പിക്കുകയും ചെയ്യേണ്ടത് തന്നെയാണ് എന്ന ശക്തമായ നിലപാടാണ് ഈ പ്രഖ്യാപനത്തിന്റെ കാതൽ (13). കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 160 നമ്പറിൽ സഭയുടെ നിലപാട് വ്യക്തതയോടെ സംഗ്രഹിച്ചിരിക്കുന്നത് കാണാവുന്നതാണ്: "വിശ്വാസം മാനുഷികമാകുന്നതിന്, 'മനുഷ്യൻ നല്കുന്ന വിശ്വാസത്തിന്റെ പ്രത്യുത്തരം സ്വതന്ത്രമായിരിക്കണം; ഇക്കാരണത്താൽ, സ്വന്തം ഇഷ്ടത്തിന് വിരുദ്ധമായി വിശ്വാസം സ്വീകരിക്കാൻ ആരിലും സമ്മർദ്ദം ചെലുത്താൻ പാടില്ല; പ്രകൃത്യാ തന്നെ വിശ്വാസ പ്രഖ്യാപനം ഒരു സ്വതന്ത്രപ്രവർത്തനമാണ്."

ഇതാണ് സഭയുടെ നിലപാട് എന്നിരിക്കെ, കത്തോലിക്കാ സഭ നിർബന്ധിത മതപരിവർത്തന നിലപാടുകൾ സ്വീകരിക്കുന്നു എന്ന ചിലരുടെ ആരോപണം വസ്തുതകളെ മനസിലാക്കാതെയും അന്ധമായ വർഗീയ നിലപാടുകൾ പുലർത്തുന്നതിനാലും രൂപപ്പെടുന്നതാണ് എന്ന് പറയാതെ വയ്യ. എല്ലാവരോടും സുവിശേഷം പ്രസംഗിക്കുക എന്ന കടമ, വാക്കിലൂടെയും പ്രവൃത്തിയിലൂടെയും സഭ ലോകത്തിൽ എല്ലായിടത്തും തുടരുന്നു. അത് സാമൂഹിക നീതിക്കും ഐക്യത്തിനും സമാധാനത്തിനും വേണ്ടിയുള്ള നിലപാടുകളാണ്, അഗതികളിലും പരിത്യക്തരിലും നിരക്ഷരരിലും ചൂഷിതരിലും ക്രിസ്തുവിനെ കണ്ടുകൊണ്ടുള്ള നിസ്വാർഥ സേവനങ്ങളാണ്, ജീവസംരക്ഷണത്തിനുള്ള പ്രേഷിതത്വമാണ്, നമ്മുടെ പൊതുഭവനമായ ഭൂമിയുടെ സുസ്ഥിതിക്കായുള്ള ഇടപെടലുകളാണ്. അംഗീകരിക്കാനുള്ള വൈമനസ്യംകൊണ്ടോ, അറിവില്ലായ്മകൊണ്ടോ ഇത്തരം ശ്രമങ്ങളെ മതപരിവർത്തന ശ്രമങ്ങളായി തെറ്റിദ്ധരിക്കുന്നിടത്താണ് വ്യാജ പ്രചാരണങ്ങൾ ഉണ്ടാകുന്നത്.

## മതസ്വാതന്ത്ര്യം നിർബന്ധമാണ്

ഏറ്റവും ഒടുവിലായി, സെപ്റ്റംബർ 9 ന് ജീവപര്യന്തം ഉൾപ്പെടെയുള്ള ശിക്ഷാവകുപ്പുകളോടെ, രാജസ്ഥാൻ നിയമസഭയിലാണ് മതപരിവർത്തന നിരോധന നിയമം (The Rajasthan Prohibition of Unlawful Conversion of Religion Act, 2025) പാസാക്കപ്പെട്ടത്. നിർബന്ധിത മതപരിവർത്തനത്തെ തടയാൻ എന്ന രീതിയിൽ തയ്യാറാക്കപ്പെട്ടിരിക്കുന്ന ഈ നിയമത്തിൽ ഒരു വ്യക്തിക്ക് സ്വതന്ത്രമായി ഇഷ്ടമുള്ള മതം സ്വീകരിക്കാനുള്ള അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുകയോ അകാരണമായി വൈകിപ്പിക്കുകയോ ചെയ്യപ്പെടാനുള്ള വകുപ്പുകൾ ഉൾച്ചേർക്കപ്പെട്ടിരിക്കുന്നത് കടുത്ത മനുഷ്യാവകാശ ലംഘനവും ഭരണഘടനാ വിരുദ്ധവുമാണ്. മതം മാറാൻ ആഗ്രഹിക്കുന്ന വ്യക്തിയേക്കുറിച്ച് ആർക്കും പരാതി നൽകാവുന്ന സാഹചര്യങ്ങൾ, അപേക്ഷകന്റെ സ്വകാര്യ വിവരങ്ങൾ പരസ്യപ്പെടുത്തുന്നത്, പൂർവ്വ മതത്തിലേക്കുള്ള മതമാറ്റത്തെ ഈ നിയമത്തിൽ ഉൾപ്പെടുത്താ

ത്തത്, നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്ക് നല്കുന്ന അനാവശ്യവും അനാരോഗ്യകരവുമായ നിയമ പരിരക്ഷ തുടങ്ങിയ കാരണങ്ങളാൽ ഈ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധി സംശയാസ്പദമാണ്.

ബലം പ്രയോഗിച്ചോ, പ്രലോഭനങ്ങളും വാഗ്ദാനങ്ങളും സമ്മാനങ്ങളും നൽകിയോ, നിയമ വിരുദ്ധ മാർഗങ്ങളിലൂടെയോ മറ്റോ ഒരു വ്യക്തിയേയോ വ്യക്തികളെയോ അവരായിരിക്കുന്ന മതത്തിൽനിന്നും മറ്റൊരു മതത്തിലേക്ക് ചേർക്കുന്നതിനെയാണ് നിർബന്ധിത മതപരിവർത്തനമായി വ്യാഖ്യാനിക്കുന്നത്. വ്യക്തികളുടെ നിസ്സഹായതയും അജ്ഞതയും മുതലെടുക്കുന്ന നിർബന്ധിത മതമാറ്റങ്ങൾ എതിർക്കപ്പെടേണ്ടത് തന്നെയാണ്. എങ്കിലും, ഇപ്പോൾ വിവിധ സംസ്ഥാനങ്ങളിൽ പ്രാബല്യത്തിലുള്ള മതപരിവർത്തന നിരോധന നിയമങ്ങളുടെ വകുപ്പുകളിലൂടെ നടപ്പിലാക്കിയിരിക്കുന്നത് ഒരു വ്യക്തിയുടെ പൂർണ്ണ ബോധ്യത്തോടെയും സമ്മതത്തോടെയുമുള്ള മതപരിവർത്തനം പോലും നിഷേധിക്കുന്ന സാഹചര്യങ്ങളാണ്.

അതായത്, നിർബന്ധിത മതപരിവർത്തനം എന്ന പുകമറ സൃഷ്ടിച്ചുകൊണ്ട് ഇന്ത്യൻ ഭരണഘടന നല്കിയിട്ടുള്ള മത സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളിന്മേലുള്ള (ആർട്ടിക്കിൾ 25-28), കടന്നുകയറ്റമാണ് പ്രായോഗിക തലങ്ങളിൽ ഇത്തരം നിയമങ്ങളിലൂടെ നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ന്യൂനപക്ഷത വിഭാഗങ്ങളെ ലക്ഷ്യമാക്കിയാണ് ഇത്തരം നിയമങ്ങൾ നിർമ്മിക്കപ്പെടുന്നത് എന്നതാണ് മതപരിവർത്തന നിരോധന നിയമങ്ങൾക്ക് എതിരായുള്ള മുഖ്യ ആരോപണം. അത് ശരിവെക്കുന്ന തരത്തിലാണ് ഇത്തരം സംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ സംഭവങ്ങളും. മാത്രമല്ല, തീവ്രഹിന്ദുത്വ സംഘടനകളാൽ നയിക്കപ്പെടുകയോ, നിയന്ത്രിക്കപ്പെടുകയോ അവരോട് വിധേയപ്പെടുകയോ ചെയ്യുന്ന സർക്കാരുകളാണ് മതപരിവർത്തന നിരോധന നിയമം നടപ്പിലാക്കുന്നത് എന്നതും ഗൗരവമേറിയ വസ്തുതയാണ്.

## രാജസ്ഥാൻ തുറന്നുവിടുന്നത് ഭീതിയുടെ നിയമവിരുദ്ധത

ബലപ്രയോഗം, അനാവശ്യ സ്വാധീനം, പ്രലോഭനം, മതം മാറ്റം മാത്രം ലക്ഷ്യമാക്കിയുള്ള വിവാഹം അല്ലെങ്കിൽ ഏതെങ്കിലും വഞ്ചനാപരമായ മാർഗങ്ങൾ എന്നിവയിലൂടെയുള്ള മതപരിവർത്തനത്തെ നിരോധിക്കാൻ ആണ് രാജസ്ഥാൻ ഈ നിയമം പാസാക്കിയത്. പക്ഷേ, നിയമത്തിലെ വകുപ്പുകൾ എല്ലാം തന്നെ നിർബന്ധിത മതപരിവർത്തനത്തെയല്ല, ഒരുവന്റെ സ്വന്തം തീരുമാനപ്രകാരമുള്ള മതമാറ്റത്തെ പോലും അകാരണമായി നിയന്ത്രിക്കുന്നു. മതം മാറണമെങ്കിൽ ഏതൊരു വ്യക്തിയും 90 ദിവസങ്ങൾക്ക് മുമ്പും മതപരിവർത്തന പ്രക്രിയയ്ക്ക് കാർമ്മികനാകുന്ന വ്യക്തി രണ്ട് മാസം മുമ്പും ജില്ലാ മജിസ്ട്രേറ്റിനോ ജില്ലാ മജിസ്ട്രേറ്റ് ചുമതലപ്പെടുത്തിയാൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനോ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ പോലും ഏഴ് വർഷം മുതൽ പതിന്നാല് വർഷം വരെ നീളുന്ന ജയിൽ ശിക്ഷയ്ക്കും മൂന്നു മുതൽ അഞ്ച് ലക്ഷത്തിൽ വരെ കുറയാത്ത പിഴ ശിക്ഷയ്ക്കും കാരണമായേക്കാം.

മതം മാറ്റത്തിനായുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അപേക്ഷകന്റെ വിശദമായ വിവരങ്ങൾ പൊതുജനഅറിവിലേക്കായി പ്രസിദ്ധീകരിക്കണം.. മതപരിവർത്തനം സംബന്ധിച്ചുള്ള പരാതികൾ പൊതുജനങ്ങളിൽ ആർക്കും നൽകാനാകും എന്നതിനാൽ പരാതികൾ നല്കാൻ ആരെങ്കിലും ഉണ്ടാകും എന്നതിൽ സംശയമൊന്നും വേണ്ടതില്ല.

പ്രസ്തുത നിയമത്തിന്റെ ഒമ്പതാം വകുപ്പ് പ്രകാരം, മുൻപ് പറഞ്ഞ രീതിയിലുള്ള പ്രക്രിയകളിലൂടെ ഒരു വ്യക്തി നിയമപരമായി മതം മാറിയാലും, പ്രസ്തുത വ്യക്തിയുടെ മതമാറ്റം നിയമാനുസൃതമായിരുന്നു എന്ന് പ്രഖ്യാപിക്കപ്പെടണമെങ്കിൽ വീണ്ടും നിയമ വഴികളിലൂടെ സഞ്ചരിക്കേണ്ടതുണ്ട്. മതം മാറിയതിന് ശേഷം 72 മണിക്കൂറിനുള്ളിൽ ജില്ലാ മജിസ്ട്രേറ്റിന് മുൻപാകെ നിർദ്ദിഷ്ട്ട ഫോമുമായി മതം മാറിയ വ്യക്തി ഹാജരാകുന്നതിൽ തുടങ്ങുന്നു ഈ പ്രക്രിയ. 10 ദിവസങ്ങൾക്കുള്ളിൽ ജില്ലാ മജിസ്ട്രേറ്റിന് മുൻപാകെ വീണ്ടും ഹാജരാകണം. തുടർന്ന് മതം മാറിയ വ്യക്തിയെകുറിച്ചുള്ള വ്യക്തിഗത വിവരങ്ങൾ ഒരിക്കൽകൂടി പരസ്യപ്പെടുത്തുകയും ആർക്കെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ സമർപ്പിക്കാൻ 30 ദിവസത്തേക്ക് അവസരം നല്കുകയും ചെയ്യും. ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകൾ അന്വേഷണം നടത്തി നല്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിയുടെ മതമാറ്റം ജില്ലാ മജിസ്ട്രേറ്റിന് അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. മതമാറ്റം നിരാകരിച്ചാൽ മതമാറ്റത്തോട് ബന്ധപ്പെട്ട എല്ലാവരും ക്രിമിനൽ നടപടികൾക്ക് വിധേയരാക്കപ്പെടും. ഈ നിയമത്തിലെ വകുപ്പുകളിൽപ്പെടുന്ന കുറ്റകൃത്യങ്ങളെല്ലാം തന്നെ ജാമ്യമില്ലാത്തതും (വകുപ്പ് 7) ചില വകുപ്പുകൾ ഇരുപത് വർഷം മുതൽ മരണം വരെ തടവ് ശിക്ഷ വിധിക്കുന്നതുമാണ് (വകുപ്പ് 5.5) എന്നതുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

ഫലത്തിൽ ഈ നിയമത്തിലൂടെ ഒരു വ്യക്തിക്ക് തനിക്ക് ഇഷ്ടമുള്ള മതം സ്വീകരിക്കണമെങ്കിൽ അതിനുള്ള കടമ്പകൾ അത്യന്തം ദുഷ്കരമായിരിക്കുമെന്ന് തീർച്ച. മാത്രവുമല്ല, ഈ നിയമം അപേക്ഷകന് നല്കുന്നത് നിയമ പരിരക്ഷയല്ല, ഭീതിയാണ്. മതം മാറ്റത്തിനായുള്ള ഒരാളുടെ അപേക്ഷയും അതിനുള്ള ശ്രമങ്ങളും, പ്രസ്തുത വ്യക്തിയെ ദീർഘകാലം ജയിൽ വാസത്തിലേക്ക് നയിക്കാനുള്ള ഭീതികരമായ സാധ്യതകൂടിയാണ് ഈ നിയമം തുറന്നിടുന്നത്. ഗവൺമെന്റ് അന്വേഷണം അപേക്ഷകന് അനുകൂലമാവുകയും പൊതുജനങ്ങളിൽ ആർക്കും എതിർപ്പില്ലാതിരിക്കുകയും ചെയ്താൽ മാത്രമേ ഒരാളുടെ മതമാറ്റം സാധ്യമാകൂ. ഒരാളുടെ പൂർണ്ണ സമ്മതപ്രകാരമുള്ള മതപരിവർത്തനം പോലും അധികാരികൾ തീരുമാനിക്കുന്നത് പൗരാവകാശങ്ങളുടെ കടുത്ത നിഷേധമാണ് എന്ന് പറയാതിരിക്കാനാവില്ല.

## വേട്ടക്കാരുടെ ആയുധം

മതപരിവർത്തന നിരോധന നിയമം നിലവിലുള്ള സംസ്ഥാനങ്ങളിൽ തീവ്ര ഹിന്ദുത്വ സംഘടനകളുടെ നേതൃത്വത്തിൽ ന്യൂനപക്ഷ മതങ്ങളിൽപ്പെട്ടവരെ അടിച്ചമർത്താൻ ഈ നിയമം വ്യാപകമായി ദുരുപയോഗിക്കപ്പെടുന്നു എന്നത് വസ്തുതയാണ്. ഏറ്റവും ഒടുവിൽ ഛത്തിഗഢിൽ രണ്ട്

കത്തോലിക്കാ സന്യാസിനിമാരെയും ഒരു ക്രൈസ്തവ യുവാവിനെയും ഹിന്ദുത്വ തീവ്രവാദികളുടെ വ്യാജ ആരോപണങ്ങളെത്തുടർന്ന് പോലീസ് അറസ്റ്റ് ചെയ്തപ്പോൾ ആരോപിച്ച കുറ്റങ്ങൾ നിർബന്ധിത മതപരിവർത്തനവും മനുഷ്യകടത്തും ആയിരുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ ഭരണഘടനാ വിരുദ്ധമായി നിർമ്മിക്കപ്പെടുന്ന നിയമങ്ങൾ ദുരുപയോഗിക്കപ്പെടുന്ന അവസരങ്ങൾ നിരന്തരമായി സൃഷ്ടിക്കപ്പെടുന്നത് അത്യന്തം ഗൗരവമായി കാണേണ്ട കാര്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിർബന്ധിത മതപരിവർത്തനത്തിനെതിരെ വ്യക്തവും ശക്തവുമായ നിലപാട് പ്രഖ്യാപിച്ച കത്തോലിക്കാ സഭ പോലും ഇവിടെ അകാരണമായി ആക്രമിക്കപ്പെടുന്നു എങ്കിൽ, നിർബന്ധിത മതപരിവർത്തനമല്ല, മതമാണ് വർഗീയ തിമിരം ബാധിച്ചവരുടെ കാതലായ വിഷയമെന്ന് മനസിലാക്കാവുന്നതാണ്. സ്വമേധയാ മറ്റൊരു മതം സ്വീകരിച്ചവരെയും തലമുറകളായി മറ്റൊരു മത വിശ്വാസത്തിൽ കഴിയുന്നവരെയും നിർബന്ധിച്ചും ഊരുവിലക്കിയുമൊക്കെ "ഘർവാപ്പസി" നടത്തുന്നത് നിർബന്ധിത മതപരിവർത്തന നിരോധന നിയമത്തിൽ ഉൾപ്പെടുത്താത്തതുകൊണ്ട് തന്നെ ഇത്തരം നിയമങ്ങൾ വർഗീയ ലക്ഷ്യങ്ങളോടെ നിർമ്മിക്കപ്പെട്ടതാണ് എന്നത് വ്യക്തമാണ്.

നിർബന്ധിത മതപരിവർത്തനമെന്ന പുകമറ സൃഷ്ടിച്ച് പൗരൻമാർക്ക് ഭരണഘടന ഉറപ്പ് നല്കുന്ന മതസ്വാതന്ത്ര്യം നിഷേധിക്കപ്പെടാനിടയാകരുത്. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും വിശ്വസിക്കുന്ന മതം പ്രഘോഷിക്കാനും പ്രചരിപ്പിക്കാനും അതനുസരിച്ചു ജീവിക്കാനുമുള്ള അവകാശം ഉറപ്പുനൽകുന്നതും, വ്യക്തികളുടെ മതസ്വാതന്ത്ര്യം സംരക്ഷിക്കാനുള്ളതുമായ നിയമങ്ങളാണ് ഇനി ഇവിടെ ഉണ്ടാകേണ്ടത്. വർഗീയതയുടെ അണുബാധയേറ്റ് തളർന്നു കിടക്കാനുള്ളതല്ല നമ്മുടെ ഭരണഘടന. മതസ്വാതന്ത്ര്യം എടുത്തുമാറ്റാൻ തന്ത്രങ്ങൾ മെനയുന്നവർക്ക് വ്യാഖ്യാനിക്കാനുള്ളതുമല്ല നമ്മുടെ ഭരണഘടന. ■




## ജന്മദിനാശംസകൾ

**02 ഫാ. ഫെർണാണ്ടോ കല്ലുപാലം**

**03 ഫാ. സെൽവി ആന്റണി പ്ലാപ്പറമ്പിൽ**

**03. ഫാ. രാജൻ ജോർജ്ജ് സി.പി.**

**29. ഫാ. ജ്യോതിസ് കളത്തിൽ Odem**

**31. ഫാ. ജോർജ് ജോൺ മേരിമംഗലം**

# പാമ്പനാർ കൂരിയാ സെപ്റ്റംബർ സമ്മേളനത്തിന്റെയും കൂരിയാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന്റെയും റിപ്പോർട്ട്



2025 സെപ്റ്റംബർ 20-ാം തീയതി ശനിയാഴ്ച പട്ടുമല മാതാവിന്റെ ദേവാലയത്തിൽ വച്ച് നടന്ന Legion of Mary പാമ്പനാർ കൂരിയാ സെപ്റ്റംബർ സമ്മേളനത്തിന്റെയും കൂരിയാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന്റെയും റിപ്പോർട്ട്. 10:00 എ.എം നു ലീജിയന്റെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനം പാമ്പനാർ ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട ജോസ് കാടൻതുരുത്തേൽ അച്ചന്റെ അധ്യക്ഷതയിൽ Legion of Mary വിജയപുരം രൂപതയുടെ ഡയറക്ടർ ബഹുമാനപ്പെട്ട ജോർജ് ലോബോ അച്ചൻ ഉദ്ഘാടനം ചെയ്തു.

പീരുമേട് മേഖല ഡയറക്ടർ ബഹുമാനപ്പെട്ട ബോബി ആന്റണി കൊച്ചുപറമ്പിൽ അച്ചൻ ഏവർക്കും സ്വാഗതം പറഞ്ഞു. രൂപത സെക്രട്ടറി സിസ്റ്റർ N. എലിസബത്ത് നിയമ ഗ്രന്ഥപാരായണം നടത്തി. വിശ്വനാഥപുരം ഇടവക വികാരിയും പീരുമേട് മേഖല മുൻ ഡയറക്ടറുമായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ അച്ചനും പട്ടുമല ആശ്രമം സുപ്പീരിയർ ബഹുമാനപ്പെട്ട ബ്രദർ സേവ്യർ ഉഴത്തിപറമ്പിൽ CMSF, എന്നിവർ ആശംസകൾ നേർന്നു. രൂപത വൈസ് പ്രസിഡന്റ് സിസ്റ്റർ റോസിലിൻ സണ്ണി യോഗത്തിന് കൃതജ്ഞത പറഞ്ഞു. തുടർന്ന് പട്ടുമല മാതാ ദേവാലയത്തിനു ചുറ്റും ജപമാല പ്രദക്ഷിണം നടത്തി. അതിനുശേഷം ബഹുമാനപ്പെട്ട ഷിന്റോ തോമസ് അച്ചൻ പരിശുദ്ധ മാതാവ് ലിജിയൻ പ്രവർത്തകരുടെ മാതൃകയും മധ്യസ്ഥയും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. അതിനുശേഷം നടന്ന തിരഞ്ഞെടുപ്പിൽ സിസ്റ്റർ മോളി റോബിനെ (പാമ്പനാർ ഇടവക) പ്രസിഡന്റായും, സിസ്റ്റർ ജാൻസി ജോസഫിനെ (കുമളി ഇടവക) വൈസ് പ്രസിഡന്റായും, സിസ്റ്റർ സിസി ജേക്കബിനെ (വണ്ടിപ്പെരിയാർ ഇടവക) സെക്രട്ടറിയായും, സിസ്റ്റർ മേഴ്സി ബിജുവിനെ (കുട്ടിക്കാനം ഇടവക) ഖജാൻജി സിസ്റ്റർ ഷൈനിയെ മേഖല സമിതി എക്സിക്യൂട്ടിവ് മെമ്പർ

ആയും തിരഞ്ഞെടുത്തു.

തുടർന്ന് നടന്ന ദിവ്യബലി അർപ്പണത്തിന് ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ അച്ചൻ മുഖ്യകാർമികത്വം വഹിച്ചു. പാമ്പനാർ ഇടവക അസിസ്റ്റന്റ് വികാരി ടോണി അച്ചൻ വചന സന്ദേശം നൽകി. ദിവ്യബലിക്ക് ശേഷം എല്ലാവരും ചേർന്ന് സൈനിക ജപശ്യംഖലയും സമാപന പ്രാർത്ഥനയും നടത്തി, 110 ലീജിയനറി അംഗങ്ങൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ജോർജ്ജ് ലോബോ അച്ചൻ സംഗമം സംഘടിപ്പിച്ചവർക്കും, പ്രത്യേകിച്ച് പീരുമേട് മേഖല ഡയറക്ടർ ബഹുമാനപ്പെട്ട ബോബി ആന്റണി അച്ചനും പട്ടുമല ആശ്രമം സുപ്പീരിയർ ബഹുമാനപ്പെട്ട സേവ്യർ ബ്രദറിനും സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അർപ്പിച്ചു. സ്നേഹ വിരുന്നോടെ യോഗം സമാപിച്ചു.

# വിജയപുരത്തിന്റെ വിശുദ്ധ താരകം

**ലിജോ പുതുച്ചിറ എരുമേലി**

വിജയപുരം രൂപതയുടെ സ്ഥാപനത്തേക്കുറിച്ച് പറയുമ്പോൾ എല്ലായ്പോഴും ആദ്യത്തെ വാക്യം ശ്രദ്ധേയമാണ്. പള്ളിപ്പുറം സ്വദേശിയും മഞ്ഞുമ്മൽ കർമ്മലീത്താ സഭാ അംഗവും ആയിരുന്ന ബ്രദർ റോക്കി പാലക്കൽ TOCD കോട്ടയത്തും പ്രാന്തപ്രദേശങ്ങളിലും നടത്തിയ പ്രേക്ഷിതപ്രവർത്തനത്തിന്റെ ഫലമായി രൂപപ്പെട്ടതാണ് ഇന്നത്തെ വിജയപുരം രൂപത. ആരാണ് ഈ റോക്കി പാലക്കൽ? വിജയപുരം രൂപതയുടെ സ്ഥാപനത്തിൽ എന്തായിരുന്നു അദ്ദേഹത്തിന്റെ പങ്ക് എന്നതിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ഈ കുറിപ്പ്.

ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട വസ്തുത ആത്മാക്കളുടെ രക്ഷയാണ് (മർ. 8: 36-37). തന്റെ ആട്ടിൻകൂട്ടത്തിൽ നിന്നും ഒരൊറ്റ ആടുപോലും നഷ്ടപ്പെട്ടുപോകരുത് എന്ന ആഗ്രഹത്താലാണ് "അവിടുന്ന് തന്റെ ഹൃദയത്തിന് ഇണങ്ങിയ ഇടയന്മാരെ തിരഞ്ഞെടുക്കുന്നത് (ജെറ. 3: 15)." അപ്രകാരം കോട്ടയം മിഷന് ലഭിച്ച ഏറ്റവും അനുയോജ്യനായ ഇടയനായിരുന്നു ബ്രദർ റോക്കി.

റോക്കി പാലക്കൽ എന്ന ഇടയനിൽ നിന്നും കോട്ടയം മിഷൻ എന്ന ആലയിലൂടെ ആയിരക്കണക്കിന് ആളുകൾ ഉൾക്കൊള്ളുന്ന വിജയപുരം എന്ന ആട്ടിൻകൂട്ടത്തിലേക്കുള്ള യാത്രയാണ് സംഭവബഹുലമായ ഈ ചരിത്രം.

ഇന്നത്തെ കോട്ടപ്പുറം രൂപതയിലെ പള്ളിപ്പുറം മഞ്ഞുമാതാ ബസിലിക്ക ഇടവകയിൽ 1843 സെപ്റ്റംബർ 17 ന് പാലക്കൽ ചിക്കുവിന്റെയും ഏലിയുടേയും രണ്ടാമത്തെ മകനായാണ് ജനനം. പള്ളിപ്പുറം പള്ളിയിൽ തദ്ദേശീയ - വിദേശീയരായ വൈദിക ശ്രേഷ്ഠർ എത്തുമ്പോൾ അവരോടൊപ്പം ആരാധനാക്രമങ്ങളിൽ ശുശ്രൂഷിയായി റോക്കിയും പങ്കെടുത്തിരുന്നു. അങ്ങനെ പുരോഹിതനാകാനുള്ള ആഗ്രഹം ചെറുപ്പം മുതൽ തന്നെ ഉടലെടുത്തു. കൂനമ്മാവിലെ

സന്യാസാശ്രമത്തിൽ വൈദികനാകാനായിരുന്നു ആഗ്രഹം. ഒരിക്കൽ പള്ളിപ്പുറത്ത് എത്തിയ മാന്നാനം ആശ്രമാധിപൻ തോപ്പിലച്ചന്റെ ശ്രദ്ധ പിടിച്ചുപറ്റിയ റോക്കി അദ്ദേഹത്തോടൊപ്പം മാന്നാനത്ത് എത്തി. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ത്വക്ക് രോഗം ബാധിച്ചതിനാൽ അവിടെനിന്നും പുറത്താക്കപ്പെട്ടു. കുറേ മാസങ്ങൾക്കുശേഷം 1865 ഡിസംബറിൽ അവിടെത്തന്നെ തിരിച്ചെത്തുകയും 1867 ഫെബ്രുവരിയിൽ സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. ഒരിക്കൽ ചങ്ങനാശ്ശേരിയിൽ എത്തിയ ലെയോനാർഡ് മെത്രാപ്പോലീത്തയെ ബ്രദർ റോക്കി നേരിട്ടുകണ്ട്, തനിക്ക് ആത്മാക്കളുടെ രക്ഷയ്ക്കായി പ്രേക്ഷിത പ്രവർത്തനം നടത്താൻ താല്പര്യമുണ്ടെന്നും അതിനായി വൈദികപട്ടം നൽകണമെന്നും ആവശ്യപ്പെട്ട് ഒരപേക്ഷ തയ്യാറാക്കി നൽകി. ഇതുമൂലം ആശ്രമത്തിൽ നിന്നും പുറത്താക്കൽ നടപടി ഉണ്ടാവുന്ന ഘട്ടമെത്തി. അപ്പോൾ അദ്ദേഹത്തിന് രക്ഷകനായത് അന്നത്തെ പ്രിയോർ ജനറൽ ചാവറയച്ചനായിരുന്നു. പിന്നീട് അദ്ദേഹത്തിന് പ്രേക്ഷിത പ്രവർത്തനത്തിനുള്ള അനുമതി ലഭിച്ചു. പുരോഹിതനാകാൻ കഴിയാതെ വൈദിക തുണസഹോദരനായിട്ടായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം.

പ്രേഷിത പ്രവർത്തകനായ റോക്കി ബ്രദർ സമൂഹത്തിലെ താഴേത്തട്ടിലുള്ള ജനവിഭാഗത്തോട് പക്ഷം ചേരുകയും അവർക്കു വേണ്ടി വാദിക്കുകയും, ആരാധനാസ്വാതന്ത്ര്യം നേടിക്കൊടുക്കുകയും, തങ്ങൾ ഒറ്റക്കല്ല എന്ന അവബോധം അവരിൽ രൂപപ്പെടുത്തിയെടുക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിലുള്ള നവോഥാന നായകത്വവും പുറത്തുവരുകയായിരുന്നു. അടിച്ചമർത്തപ്പെട്ട് കിടക്കുന്ന ഒരു ജനസമൂഹത്തിന് ഏറ്റവും അത്യാവശ്യമായി വേണ്ടത് സ്വാതന്ത്ര്യമാണ്. "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു (ലൂക്കാ 4:18-19)." വാസ്തവത്തിൽ ഈ വചനത്തിന്റെ ജീവിക്കുന്ന സാക്ഷിയായിരുന്നു ബ്രദർ റോക്കി പാലയ്ക്കൽ.

സമൂഹത്തിലെ അധഃസ്ഥിതവർഗത്തിൽപ്പെട്ട ആളുകൾക്ക് ഒരു രക്ഷകൻ ഉണ്ടാവണം എന്ന ആഗ്രഹത്തോടെ അദ്ദേഹം സ്വയം ഈ ദൗത്യം ഏറ്റെടുക്കുകയായിരുന്നു. തുടക്കത്തിൽ അവരുടെ ഭവനങ്ങളിൽ ചെന്ന് സുവിശേഷം പ്രഘോഷിച്ചു. പ്രാർത്ഥനകൾ പഠിപ്പിച്ചു. സ്വന്തം ആശ്രമത്തിൽ നിന്നുപോലും എതിർപ്പുകൾ ഉണ്ടായപ്പോഴും കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞു നോക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. ഓരോ കുടികളും കയറിയിറങ്ങിയതിന്റെ ഫലമായി മാമോദീസ സ്വീകരിച്ച് ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ വർധനയുണ്ടായി. ഞായറാഴ്ചകളിലും കടപ്പെട്ട ദിവസങ്ങളിലും ബലിയിൽ പങ്കെടുക്കേണ്ടതിന്റെ പ്രാധാന്യം ബ്രദർ അവരെ ഓർമിപ്പിച്ചു. സവർണ്ണരുടെ ആരാധനാകേന്ദ്രമായിരുന്ന ഇടക്കാട്ട് പള്ളിയായിരുന്നു അതിന് ആശ്രയം. അവിടുന്നും വിവേചനം നേരിട്ടപ്പോഴാണ് ഒരു പുതിയ ദൈവാലയം നിർമ്മിക്കുന്നതിനായുള്ള സ്ഥലത്തിനായി അന്വേഷണം ആരംഭിച്ചത്. കോട്ടയ

ത്ത് അന്ന് അനാഥശാല ഇല്ലാതിരുന്നതിനാൽ ദിവാൻ പേഷ്കാറിലൂടെ പാട്ടു കുളം കുന്നിൽ അനാഥശാല നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചു. അങ്ങനെ ആദ്യം പാട്ടുകുളത്തും പിന്നീട് ഇപ്പോൾ ദൈവാലയം സ്ഥിതിചെയ്യുന്ന പാറയിൽ കുന്നിലും പള്ളി പണിതു. അദ്ദേഹം തന്റെ രക്തം വിയർപ്പുതുള്ളി കളാക്കി മാറ്റിയതാണ് കോട്ടയം മിഷന്റെ വളർച്ച. അദ്ദേഹത്തിലെ ഇടയ ത്വത്തിനെ അനുസ്മരിപ്പിക്കുംവിധം കോട്ടയത്തുള്ള ലത്തീൻ കത്തോലിക്കാ ആരാധനാ കേന്ദ്രത്തിന് നല്ല ഇടയന്റെ പേര് ലഭിക്കാൻ ദൈവം തിരുമനസാ യതും യാദൃശ്ചികമല്ല. ചെങ്ങളം, കുമരകം, തെള്ളകം, കുറിച്ചി, പാക്കിൽ, വട വാതൂർ, പട്ടിത്താനം, വെട്ടിമുകൾ, കാട്ടാമ്പാക്ക്, മണ്ണയ്ക്കനാട്, പൊതി, പെരുവ, കാഞ്ഞിരപ്പാറ, വാഴൂർ, എലിക്കുളം, പൊടിമറ്റം, മുണ്ടക്കയം, ഏന്തയാർ തുട ങ്ങിയ സ്ഥലങ്ങളിലേക്ക് കോട്ടയം മിഷൻ ശക്തി പ്രാപിച്ചു. ആശയവിനിമയത്തി നായുള്ള ഭാഷ പോലും വശമില്ലാഞ്ഞിട്ടും കോട്ടയം മിഷന്റെ വളർച്ചയ്ക്കായുള്ള ധർമ്മപ്പിരിവിനായി അദ്ദേഹം ഇന്ത്യയിലും ശ്രീലങ്കയിലും വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു. 1887 ൽ റീത്ത് വിഭജനം ഉണ്ടായപ്പോൾ സവർണ്ണ മേധാവിത്വമുള്ള വർ ഗുഡ് ഷെപ്പേർഡ് കൈക്കലാക്കാൻ തന്ത്രങ്ങൾ മെനഞ്ഞു. ആ സമയത്ത് ബ്രദർ ഉള്ളുരുകി റോമിന് അയച്ച കത്തിന്റെ ബലത്തിലാണ് ദൈവാലയം നഷ്ട പ്പെടാതിരുന്നത്.

റോക്കി ബ്രദറാകുന്ന പാറമേൽ പണിത സഭയാണ് പിൽക്കാലത്ത് വിജ യപുരം രൂപതയായി പരിണമിച്ചത്. 1930 ജൂലൈ 14 ന് പരിശുദ്ധ സിംഹാസനം വരാപ്പുഴ അതിരൂപതയുടെ തെക്ക് - കിഴക്കൻ പ്രദേശങ്ങൾ വിഭജിച്ച് കോട്ടയം മുനിസിപ്പൽ ടൗൺ കേന്ദ്രമാക്കി വിജയപുരം എന്ന പുതിയ രൂപത സ്ഥാപി ച്ചപ്പോൾ ഭദ്രാസന ദൈവാലയമായി നിശ്ചയിക്കപ്പെട്ടതും 1964 മാർച്ച് 15 ന് വിമലഗിരി കത്തീഡ്രൽ ആശീർവദിക്കപ്പെട്ടപ്പോൾ മുതൽ രൂപതയുടെ പ്രോ -കത്തീഡ്രൽ ആയി അറിയപ്പെടുന്നതും നല്ല ഇടയൻ ദൈവാലയമാണ്. ഭാഗ്യ സ്മരണാർഹനായ പോപ്പ് ജോൺ പോൾ രണ്ടാമൻ 1986 ഫെബ്രുവരി 1 മുതൽ 10 വരെ നടത്തിയ ഐതിഹാസികമായ ഭാരത സന്ദർശനവേളയിൽ കേരള ത്തിൽ അദ്ദേഹം സന്ദർശിച്ച നാല് സ്ഥലങ്ങളിൽ ഒന്ന് കോട്ടയം ആയിരുന്നു. ഫെബ്രുവരി 8 ന് അദ്ദേഹം നല്ലയിടയൻ ദൈവാലയം സന്ദർശിച്ച് പ്രാർത്ഥിച്ചിരു ന്നു. അങ്ങനെ വിജയപുരം രൂപത സന്ദർശിച്ച ആദ്യ പാപ്പയായി ജോൺ പോൾ രണ്ടാമനും ആ വിശുദ്ധന്റെ പാദസ്പർശമേൽക്കാൻ അപൂർവഭാഗ്യം ലഭിച്ച വിജ യപുരത്തെ ഏക ദൈവാലയമായി നല്ലയിടയനും മാറി.

"കീഴാളരുടെ അപ്പസ്തോലൻ" എന്നറിയപ്പെട്ട ആ മഹാമിഷനറി 1927 ഒക്ടോ ബർ 29 ന് മഞ്ഞുമ്മൽ ആശ്രമത്തിൽ വെച്ച് ദൈവസന്നിധിയിലേക്ക് യാത്ര യാവുകയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. യോഹന്നാന്റെ സുവിശേഷത്തിൽ യേശു കാണിച്ചുതരുന്ന നല്ല ഇടയന്റെ എല്ലാ ഗുണഗണങ്ങ ളും ഒത്തിണങ്ങിയ ഈ ഇടയശ്രേഷ്ഠനെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കാൻ ദൈവം തിരുമനസാകട്ടെ. അങ്ങനെ വിജയപുരത്തിന്റെ മാത്രമല്ല, ഭാരതത്തി ന്റെയും വിശുദ്ധ താരകമായി അദ്ദേഹം നമുക്കായി മാധ്യസ്ഥ്യം വഹിക്കട്ടെ. അതിനായി നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം. ■

# ഇടവക വാർത്തകൾ



മുണ്ടക്കയം വിശ്വാസ രൂപീകരണം യൂണിറ്റിൽ ബാലികാ ദിനാഘോഷം നടത്തി. ബാലികമാരായ കുട്ടികൾ വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി. മുക്കൂട്ടുതറ അസീസി ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ജിൻസൺ വിശുദ്ധ കുർബാന ബാലികമാർക്കായി അർപ്പിച്ചു. ശേഷം നടന്ന മീറ്റിങ്ങിൽ ഇടവക വികാരി ഫാ. ഡെന്നീസ് കണ്ണമാലി ഏവരെയും സ്വാഗതം ചെയ്തു. ബാലികമാർക്കായി ശാരീരിക ബോധവൽക്കരണ ക്ലാസ് അസീസി ഹോസ്പിറ്റലിലെ ഫിസിഷൻ ഡോക്ടർ ടീന, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് അലീന എന്നിവർ നൂതന മാധ്യമങ്ങൾ ഉപയോഗിച്ച് വീഡിയോ പ്രസന്റേഷനിലൂടെ ക്ലാസ് എടുത്തു. ക്ലാസ് തികച്ചും വ്യത്യസ്തവും, അറിവുദായകവും, സംശയനിവാരണവും ഉൾക്കൊണ്ടതായിരുന്നു. അധ്യാപിക സ്മിത ബിനോ ഏവർക്കും നന്ദി അർപ്പിച്ചു.



ആണ്ടൂർ യൂണിറ്റിൽ വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ 07-09-25 ഞായറാഴ്ച ബാലികാ ദിനം ആചരിച്ചു. ആശാവർക്കറും വിശ്വാസ പരിശീലകയുമായ ശ്രീമതി ബീന ജോർജ് പെൺകുട്ടികൾക്കായി ശാരീരിക വ്യതിയാനങ്ങളും വ്യക്തി ശുചിത്വവും എന്നീ വിഷയത്തിൽ ക്ലാസ്സ് നൽകി.



ആണ്ടൂർ മൗണ്ട് കാർമൽ ദൈവാലയത്തിൽ നടത്തപ്പെട്ട ഇടവകതല കോൺക്ലേവ് വികാരി റവ.ഫാ. സണ്ണി ഇല്ലിക്കൽ ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു.



ചങ്ങനാശ്ശേരി മേരി മൗണ്ട് ഇടവകതല സിനഡൽ കോൺക്ലേവിൽ വെരി റവ. ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ സംസാരിക്കുന്നു.



പാമ്പനാർ തിരുഹൃദയ ദൈവാലയ സിനഡൽ കോൺക്ലേവിൽ പങ്കെടുത്തവർ ഫൊറോന വികാരി വെരി റവ.ഫാ. ജോസ് കാടൻതുരുത്തേലിനൊപ്പം

# വി.എസ്.എസ്.എസ്.
# വാർത്തകൾ

## സൗജന്യ നേത്ര പരിശോധനയും നേത്രദാന സമ്മതപത്ര സമർപ്പണവും - വേളൂർ



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രാദേശിക ഘടകമായ വേളൂർ ജനകീയ വികസന സമിതി (PDC) യുടെ ആഭിമുഖ്യത്തിൽ കോട്ടയം മെഡിക്കൽ കോളേജ് നേത്രരോഗ വിഭാഗത്തിന്റെയും ജില്ലാ അന്ധത നിവാരണ സമിതിയുടെയും സംയുക്ത സഹകരണത്തോടെ നടത്തിയ സൗജന്യ നേത്ര പരിശോധന ക്യാമ്പും നേത്രദാന സമ്മത പത്ര സമർപ്പണവും സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു.

ഇടവക വികാരിയും വേളൂർ പി.ഡി.സി.യുടെ പ്രസിഡന്റുമായ മോൺ. ഡോ. ജോസ് നവസിന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ മെഡിക്കൽ കോളേജ് നേത്രവിഭാഗം PRO ശ്രീ. സജിനിഷ് A R വിഷയാവതരണം നടത്തി. മെഡിക്കൽ കോളേജ് നേത്രവിഭാഗം ഡോക്ടർ അപർണ്ണ നേത്രദാന പക്ഷാചരണ ബോധവൽക്കരണം നടത്തി.



വാർഡ് മെമ്പർ ശ്രീ. സന്തോഷ് കുമാർ എം. പി., അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ, സൊസൈറ്റി പ്രോഗ്രാം കോഡി

നേറ്റർ സിസ്റ്റർ വത്സമ്മ, ആനിമേറ്റർ ദീപ പ്രസാദ്, ഇടവകസമിതി സെക്രട്ടറി ശ്രീ. വിൽഫ്രഡ് പി.പി. PDC സെക്രട്ടറി ശ്രീ. അരുൺ ആർ. ദാസ് എന്നിവർ സംസാരിച്ചു.

പി.ഡി.സി. ഭാരവാഹികൾ, വി.എസ്.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരായ ശ്രീ. സെബാസ്റ്റ്യൻ മറ്റത്തിൽ, ശ്രീമതി പ്രമീള ജോർജ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ 106 രോഗികൾ പരിശോധനയ്ക്ക് വിധേയരായി. ഡോ. അപർണ്ണ ഡോ. ലക്ഷ്മിപ്രിയ ഡോ. സ്വാതി എന്നിവരും മെഡിക്കൽ കോളേജ് നേത്രവിഭാഗത്തിലെ മറ്റ് 20 സാങ്കേതിക വിദഗ്ധരും പരിശോധനയ്ക്ക് നേതൃത്വം നൽകി.

## സൗജന്യ നേത്ര പരിശോധനയും നേത്രദാന സമ്മതപത്ര സമർപ്പണവും - മണ്ണയ്ക്കനാട്



***മണ്ണക്കയ്ക്കനാട് ഹോളിക്രോസ് റോമൻ കത്തോലിക്ക ദേവാലയത്തിൽ വെച്ച് നടത്തിയ നേത്രപരിശോധന ക്യാമ്പിൽവച്ച് വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ നേത്രദാന സമ്മതപത്രം മെഡിക്കൽ കോളേജ് നേത്ര വിഭാഗം ഡോക്ടർ ആതിരയ്ക്ക് കൈമാറുന്നു.***

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ജില്ലാ അന്ധത നിവാരണ സമിതിയുടെയും നേതൃത്വത്തിൽ മണ്ണക്കയ്ക്കനാട് ഹോളിക്രോസ് റോമൻ കത്തോലിക്ക ദൈവാലയത്തിൽവച്ച് നടത്തിയ നേത്രപരിശോധന ക്യാമ്പ് വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ.തോമസ് പഴവക്കാട്ടിൽ അധ്യക്ഷത വഹിച്ചു വി.എസ്.എസ്.എസ്. കോഡിനേറ്റർ സിസ്റ്റർ വത്സമ്മ, സിസ്റ്റർ സബിയ ജോസഫ്, ഇടവക സമിതി സെക്രട്ടറി വിജയ ബാബു, സാമ്പത്തിക സമിതി സെക്രട്ടറി ബിജു ചൂളാനി, ആനിമേറ്റർ ശ്രീമതി ലീന സാബു, PDC സെക്രട്ടറി ലിബിൻ എം ഫിലിപ്പ്, ഇടവക സമിതി അംഗങ്ങൾ, PDC അംഗങ്ങൾ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പി.ഡി.സി. സെക്രട്ടറി ലിബിൻ എം ഫിലിപ്പ് സ്വാഗതവും ശ്രീമതി ലീന സാബു നന്ദിയും അർപ്പിച്ചു.



VSSS, ഓണക്കാലത്ത് നടത്തിയ "സ്മാർട്ട് കിച്ചൻ" പദ്ധതിയുടെ ഭാഗമായി വിവിധ കമ്പനികളുടെ അടുക്കള ഉപകരണങ്ങളുടെ വിതരണോദ്ഘാടനം, vsss അസി. ഡയറക്ടർ റവ. ഫാ. ഫെലിക്സ് ദേവസ്യ പുറത്തെപറമ്പിൽ നിർവഹിക്കുന്നു.



**KLM രൂപീകരണ യോഗം മൗണ്ട് കാർമൽ ഇടവക വാഴൂർ**

വാഴൂർ മൗണ്ട് കാർമൽ ഇടവകയിൽ നടന്ന കേരള ലേബർ മൂവ്മെന്റ് യൂണിറ്റ് രൂപീകരണ മീറ്റിങ്ങിൽ ഇടവക വികാരി ഫാ. ജോസഫ് പടികരമല അധ്യക്ഷത വഹിച്ചു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യ പുറത്തെപറമ്പിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. KLM രൂപത പ്രസിഡണ്ട് ശ്രീ കെ ജെ ജോസഫ് സർക്കാരിന്റെ വിവിധ ക്ഷേമനിധികളെകുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി.വി എസ് എസ് പ്രോഗ്രാം ഓഫീസർ ശ്രീ സെബാസ്റ്റ്യൻ മറ്റത്തിൽ, KLM യൂണിറ്റ് രൂപീകരണത്തിന് നേതൃത്വം നൽകി.



VSSS ന്റെ തൊഴിൽ നൈപുണ്യ പദ്ധതിയായ SKILL- UP ന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്വയംതൊഴിൽ സംരംഭകർക്കായി കൂൺ കൃഷിയിൽ പരിശീലനം സംഘടിപ്പിച്ചു. കീഴുക്കുന്ന് അമലനിലയത്തിൽ നടന്ന പരിശീലന പരിപാടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ബിനോയി മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. VSSS അഡ്മിനിസ്ട്രേറ്റർ ശ്രീ ജോൺ ജോസഫ് ആശംസകൾ അർപ്പിച്ചു. തുടർന്ന് കൂൺ കൃഷി കർഷകനായ ശ്രീ അനിൽ എബ്രഹാം ഇടക്കരയുടെ നേതൃത്വത്തിൽ നടന്ന പരിശീലനത്തിൽ 32 പേർ പങ്കെടുത്തു. പരിപാടികൾക്ക് CDO ശ്രീ. ടി.കെ. രാജു സ്വാഗതവും സിസ്റ്റർ ജ്യോതിസ് നന്ദിയും രേഖപ്പെടുത്തി.

## KLM രൂപീകരണയോഗം സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് ചർച്ച് വേളൂർ

വേളൂർ ഇടവകയിൽ പിഡിസിയുടെ ആഭിമുഖ്യത്തിൽ KLM (Kerala Labour Movement) രൂപികരണവും അഗത്വ വിതരണവും നടന്നു. യോഗത്തിൽ VSSS ന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിയിൽ KLM-നെ കുറിച്ച് ക്ലാസ്സ് എടുത്തു. KLM രൂപത പ്രസിഡന്റ് കെ. ജെ ജോസഫ് വിവിധ ക്ഷേമനിധികളെകുറിച്ച് ക്ലാസ്സ് എടുക്കുകയും സംശയ നിവാരണം നടത്തുകയും ചെയ്തു. യോഗത്തിൽ vsss ന്റെ അസിസ്റ്റന്റ് ഡയറക്ടർ ഫെലിക്സ് ദേവസ്യ. മിനിമോൾ ജോസഫ് എന്നിവർ പങ്കെടുത്തു. വേളൂർ ഇടവക വികാരി മോൺ.ഡോ. ജോസ് നവസ് കൃതജ്ഞത രേഖപെടുത്തി.

തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ – പ്രസിഡന്റ് : ശ്രീ. വിനു. T തൈപ്പറമ്പിൽ, വൈസ് പ്രസിഡന്റ് :. ശ്രീമതി. മേരീ സ്മിത ആണ്ടൂർ , സെക്രട്ടറി: ശ്രീമതി ദീപാ ബാബു, ജോയിൻ സെക്രട്ടറി: ശ്രീമതി. ശ്രീജ, ട്രഷറാർ: ശ്രീമതി സൗമ്യ ഫെലിക്സ്



# അഭിവന്ദ്യ പിതാവിന്റെ

## ഒക്ടോബർ മാസ പരിപാടികൾ

| | |
|---|---|
| ഒക്ടോബർ 1 | കാറ്റക്കിസം ടീച്ചേഴ്സ് സംഗമം വിശുദ്ധ കുർബാന 11. 30 സെന്റ് ആന്റണീസ് തീർഥാടന കേന്ദ്രം, കോട്ടയം |
| ഒക്ടോബർ 2 | വിശുദ്ധ കുർബാന, ഗുഡ് ഷെപ്പേർഡ് ദൈവാലയം (എൽഡേഴ്സ് സംഗമം) |
| ഒക്ടോബർ 4 | ആദ്യ ശനി വിശുദ്ധ കുർബാന, വിമലഗിരി കത്തീഡ്രൽ |

**ജൂബിലി വർഷത്തിൽ**
**വിവാഹ ജീവിതത്തിന്റെ ജൂബിലി ആഘോഷിക്കുന്ന**
**ദമ്പതിമാരുടെ സംഗമം**
**വിമലഗിരി കത്തീഡ്രൽ ദൈവാലയത്തിൽ**
**2025 നവംബർ 23 ഞായറാഴ്ച നടത്തപ്പെടുന്നു**




എരുമേലി പ്രൊപ്പോസ് സെന്റ് ജോസഫ് ഇടവകയിൽ 2025 സെപ്റ്റംബർ 21 ഞായറാഴ്ച ഇടവക തലത്തിൽ സിനഡാത്മക കോൺക്ലേവ് നടത്തപ്പെട്ടു. ദിവ്യബലി, ദിവ്യകാരുണ്യ ആരാധന, വിഷയാവതരണം, ഗ്രൂപ്പ് ചർച്ച, ഗ്രൂപ്പ് ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങൾ പൊതു മീറ്റിങ്ങിൽ അവതരിപ്പിക്കൽ തുടങ്ങിയവ ഉൾപ്പെടുത്തിയായിരുന്നു കോൺക്ലേവ് നടത്തപ്പെട്ടത്. കോൺക്ലേവിന്റെ ഭാഗമായി. ഇടവക വികാരി ബ്രിട്ടോ അച്ചൻ, ഇടവക സമിതി സെക്രട്ടറി ശ്രീ. മഹേഷ് നെല്ലൂർ, സെന്റ്. ജോസഫ്, അസ്സീസി കോൺവെന്റുകളിലെ സിസ്റ്റേഴ്സ്, ഇടവകയിലെ വിവിധ സംഘടനാ - സമിതി അംഗങ്ങൾ തുടങ്ങിയവർ കോൺക്ലേവിന് നേതൃത്വം നൽകി.

## KSFE

**KSFE കോട്ടയം നാഗമ്പടം ശാഖയിൽ
ഉടൻ ആരംഭിക്കുന്ന ഹ്രസ്വകാല
മെഗാ ബിസിനസ്സ് ചിട്ടികൾ**

200000 x 30 = 60 ലക്ഷം
100000 x 40 = 40 ലക്ഷം
7,500 x 40 = 3 ലക്ഷം
5,000 x 40 = 2 ലക്ഷം
2,5000 x 40 = 1 ലക്ഷം



വേഗത്തിൽ വിളിച്ചെടുക്കാൻ സാധിക്കുന്നു
ബിസിനസ്സ് ഹൗസിംഗ് ലോൺ, OD തുടങ്ങിയവയുടെ
പലിശഭാരത്തിൽ നിന്നും ഒഴിവാക്കാനുള്ള
സുവർണ്ണാവസരം
ഇന്നുതന്നെ ബുക്ക് ചെയ്യൂ...

കോട്ടയം, നാഗമ്പടം ബ്രാഞ്ച്
ഒന്നാംനില സെന്റ് ആന്റണീസ് കോംപ്ലക്സ്
പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം, നാഗമ്പടം
Ph: 0481- 2564681, 9447797116, 7593897116
116@ksfe.com. ksfe116@gmail.com




## LIGHT HOUSE

*The Shop with a heart*

Near Collectorate, K.K.Road,
Kottayam- 686002
Ph: 0481-2561167, 2301167
Email: lighthousektm@gmail.com

**വിലക്കുറവിന്റെ സന്തോഷം
വാങ്ങുമ്പോൾ മാത്രം
ഗുണമേന്മയുടെ സംതൃപ്തി
വർഷങ്ങളോളം**

**400-ൽ പരം Fancy Light കളും
100-ൽ പരം Designer Fanകളും ലഭ്യം.**



## KOTTAYAM PIPE HOUSE

***Building the Future***

XVI/181 A Maliekal Buildings
Near Railway Over Bridge
Nagampadam, Kottayam
**Ph: 9744955858, 7592016733**

Astral Pipes, Austral Bathware,
Zoloto, Oecean, Aquatech,Ellai,
laxmi pump, Lubi pump, Torm

## ZEST ENGINEERS & CONTRACTORS

Building, X1456, Panampalam,
Arpookara East P.O., Kottayam
Ph: 0481-2969226, 9447041540,
7907297516



## SANISH METALS

**Iron & Steel Traders**

**സ്റ്റീൽ ബിൽഡിംഗ്
റൂഫിംഗ് വർക്കുകൾക്ക്**

OCTOBER 2025
Vol. 18 • Issue 10
Published on
1st October 2025

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 100.00

Registered No. **KL/KTM/117/2023-25**
LIC. No. **KL/CR/KTM/WPP-03/2023-25**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
भारत सरकार का उपक्रम
Union Bank of India
A Government of India Undertaking



**Kodimatha Branch**
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013

**യൂണിയൻ ഗോൾഡ് ലോൺ**

**KCC സ്വർണ്ണ വായ്പ 4%* പലിശ മാത്രം**

ഗ്രാമിന് പരമാവധി **4722 രൂപ** വരെ
100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ

- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply



കൂടുതൽ വിവരങ്ങൾക്ക് :
**0481-2581213, 8369774730, 7012204575**

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180